# ആത്മപ്രകാശിനി

## 2010 ജൂൺ

ആത്മപ്രകാശിനി പി. ഡി. എഫ് . ആയി താങ്കൾക്ക് എത്തിക്കുന്നതിൽ ഞങ്ങൾക്ക് വളരെ സന്തോഷം ഉണ്ട് . വരിസംഖ്യകൊണ്ടു മാത്രം നടത്തപ്പെടുന്ന ഈ ശുശ്രൂഷ ഇനിയും മുമ്പോട്ട് കൊണ്ടുപൊകണമെങ്കിൽ വായനക്കാരുടെ സഹകരണം ആവശ്യമാണ് . ആത്മപ്രകാശിനി പി. ഡി. എഫ് . ആയി ലഭിക്കുന്നവർ ഈ പ്രവർത്തനത്തെ ഓർത്ത് പ്രാർത്ഥിക്കുകയും ഇതിന്റെ സുഗമമായ നടത്തിപ്പിനായി വർഷത്തിൽ ഒരിക്കലെങ്കിലും സാമ്പത്തികമായി സഹകരിക്കുകയും ചെയ്യേണ്ടതാണ് .

**Please send your gift as a DD to:**

**The Manager**
**Athmaprakashini**
**P.B. No. 10**
**Kumbanad**
**Pathanamthitta Dist.**
**Kerala-689 547**
**India**

**Please see the details:**

**Bank: Indian Overseas Bank**
**Branch: Kumbanad**
**SB account no: 1492**
**DD should be in favour of “Athmaprakashini, Kumbanad”.**

# Athmaprakashini

# അകത്താളുകളിൽ

**രണ്ട് 'ഇല്ലായ്മ'കൾ**
കെ.എ. ഫിലിപ്പ് ................................ 3
**കൃപ എന്ന വിശിഷ്ട വിഷയം**
കെ.വി. ജോൺ ................................ 4
**വെളിപ്പാടു പുസ്തകം . . . .**
ഡോ. ഒ.എം. ശമുവേൽ .................... 6
**എങ്ങനെ ആരാധിക്കണം**
എസ്. ജി. ഗിൽബർട്ട് ........................ 7
**അപ്പൊ. പ്രവർത്തികളുടെ . . . . .**
ഡോ. ജോസഫ് എം.പി. ................. 10
**ആശ്ചര്യകരമായ വിശ്വാസം**
ഉമ്മൻ ജോർജ്ജ് ................................ 11
**പ്രായോഗിക ക്രിസ്തീയ ജീവിതം**
തോമസ് ഏബ്രഹാം ......................... 13
**കപട വേലക്കാർ**
പി.എ. ഏബ്രഹാം .............................. 14
**ആശ്രയം**
രത്നാ ജേക്കബ് ................................ 16
**അനുസ്മരണം**
വി.കെ. മാത്യു .................................... 17
**ഫറവോന് ദൈവമാക്കിയവൻ**
പി.സി. കുര്യാക്കോസ് . .................... 18
**ബൈബിൾ പ്രശ്നാവലി ..............** 20
**വാർത്തകളും, കുറിപ്പുകളും** 21

### *വരിക്കാരുടെ ശ്രദ്ധയ്ക്ക്*

*മാസിക സംബന്ധമായ എല്ലാ എഴുത്തുകുത്തുകളിലും നിങ്ങളുടെ മേൽവിലാസത്തോടൊപ്പം കാണുന്ന രജിസ്റ്റർ നമ്പർകൂടികാണിക്കണം.*

*നിങ്ങളുടെ മേൽവിലാസം മാറുമ്പോൾ പുതിയ വിലാസത്തൊടൊപ്പം പഴയ വിലാസവും ഞങ്ങളെ അറിയിക്കുക. വാർഷിക വരിസംഖ്യ അയച്ചുതരുവാൻ മറക്കരുത്.*

*എല്ലാ മാസവും 10 നു മാസിക തപാലിൽ അയയ്ക്കുന്നു. ഒരാഴ്ചയ്ക്കുള്ളിലും ലഭിച്ചില്ലെങ്കിൽ പോസ്റ്റോഫീസിൽ അന്വേഷിച്ചശേഷം ദയവായി ഞങ്ങളെ അറിയിക്കുക.*

# ആത്മപ്രകാശിനി

**Vol. XXIX** **No.6**

## 2010 ജൂൺ

***പത്രാധിപസമിതി***
കെ. എ. ഫിലിപ്പ്
ഡോ. ഒ.എം. ശാമുവേൽ
ഡോ. കെ.സി. ജോൺസൺ

***പബ്ലിഷർ & മാനേജർ***
സി. എ. ജോർജ്ജ്

***ഡി.റ്റി.പി.***
**നെല്ലിമല** ഓഫ്സെറ്റ് പ്രിന്റേഴ്സ്, കുമ്പനാട്
ഫോൺ : 0469 2663308, 9447600308

***പ്രിന്റിങ്***
എക്സൽ ഓഫ്സെറ്റ് പ്രിന്റേഴ്സ്, ഓമല്ലൂർ
ഫോൺ: 0468 2350320

**വാർഷിക വരിസംഖ്യ**
ഇന്ത്യയിൽ : 50 രൂപ (മുൻകൂർ)
വിദേശത്ത് : 500 രൂപ (മുൻകൂർ)

***ലേഖനങ്ങൾ അയയ്ക്കേണ്ട വിലാസം***
ഡോ.ഒ. എം. ശാമുവേൽ
പി.ബി.നമ്പർ - 46
സുവിശേഷാലയം
പത്തനംതിട്ട - 689 645
ഫോൺ: 0468 2 224045

**വാർത്തകൾ, വിലാസമാറ്റം, വരിസംഖ്യ സംഭാവന, മാസിക സംബന്ധിച്ച എഴുത്തുകൾ എന്നിവ അയയ്ക്കേണ്ട വിലാസം**

മാനേജർ
**ആത്മപ്രകാശിനി**
പി.ബി.നമ്പർ : 10
കുമ്പനാട് 689 547
ഫോൺ : 0469 2664314 (O)
0469 2664925 (R)

www.athmaprakashini.com
+919447265500
**athmaprakashini@gmail.com**

# രണ്ട് 'ഇല്ലായ്മ'കൾ

കെ.എ. ഫിലിപ്പ്

ഇല്ലായ്മകൾ ഓർത്ത് പരിഭവിക്കുന്നവരും പരിദേവനം നടത്തുന്നവരുമാണ് നാം. എന്നാൽ എല്ലാ ഇല്ലായ്മകളും അത്തരത്തിലുള്ളവയല്ല എന്നും, മറിച്ച് അത്യധികം സന്തോഷിക്കേണ്ട ഇല്ലായ്മകൾ ഉണ്ടെന്നും തിരുവചനം പഠിക്കുമ്പോൾ നമുക്ക് മനസ്സിലാകും. അങ്ങനെയുള്ള രണ്ടു കാര്യങ്ങളാണു നമ്മുടെ ചിന്താവിഷയം.

ഒന്ന്: "*അതുകൊണ്ട് ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവർക്ക്* ***ഒരു ശിക്ഷാവിധിയും ഇല്ല****. ജീവന്റെ ആത്മാവിന്റെ പ്രമാണം എനിക്ക് പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽനിന്ന് ക്രിസ്തുയേശുവിൽ സ്വാതന്ത്ര്യം വരുത്തിയിരിക്കുന്നു*" (റോമർ 8:1,2).

മരണത്തിനധീനമായ ശരീരം നൽകുന്ന വ്യഥയുടെ മേൽ യേശുക്രിസ്തു നൽകുന്ന വിജയാഹ്ളാദവുമായാണ് റോമർ 7-ാം അദ്ധ്യായം ഏതാണ്ട് അവസാനിക്കുന്നത്. അതിനു ശേഷം വിശ്വാസികളുടെ ഒരു അതുല്യ പദവി പൗലൊസ് പറഞ്ഞു വെയ്ക്കുകയാണിവിടെ. ക്രിസ്തുവിൽ ആയതിനാൽ വിശ്വാസിക്ക് ഒരു ശിക്ഷാവിധിയും ഇല്ല. സങ്കേത നഗരത്തിൽ കടന്നവന്റെമേൽ രക്തപ്രതികാരകന് ഒന്നും ചെയ്യാൻ കഴിയുകയില്ലല്ലൊ. 'ക്രിസ്തുവിൽ' എന്ന പദപ്രയോഗം പൗലൊസിന് സ്വന്തമാണെന്നു പറയാം. മറ്റൊരു അലങ്കാര പ്രയോഗത്തിലൂടെ പൗലൊസ് ഇങ്ങനെ പറയുന്നുണ്ടല്ലൊ, "ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയാകുന്നു; പഴയതു കഴിഞ്ഞു പോയി, ഇതാ, അത് പുതുതായിത്തീർന്നിരിക്കുന്നു" (2 കൊരി. 5:17). ക്രിസ്തുവിൽ ഒരു പുതിയ ജീവൻ, ക്രിസ്തുവിൽ ഒരു പുതിയ ജീവിത ശൈലി.

ക്രിസ്തുയേശുവിൽ ഉള്ളവർക്കുള്ള ശിക്ഷാവിധി ഇല്ലായ്മ തികച്ചും നിയമാനുസൃതമാണെന്ന് പൗലൊസ് സ്ഥാപിക്കുന്നു. പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിന്റെ (the law of sin and death) അടിസ്ഥാനത്തിലാണ് മനുഷ്യന് എതിരായി ദൈവിക കോടതിയിൽ കുറ്റപത്രം ഫയൽ ചെയ്തത്. മനുഷ്യൻ പാപിയാണെന്നും പാപത്തിന്റെ ശമ്പളം മരണമാണെന്നുമുള്ള നിയമം. എന്നാൽ ഇതിനു മീതെ മറ്റൊരു നിയമം സ്ഥാപിതമായി. അതാണ് ജീവന്റെ ആത്മാവിന്റെ പ്രമാണം (the law of the Spirit of life). ദൈവപുത്രൻ പാപിക്കു പകരമായി മരിച്ച് ഉയിർത്തെഴുന്നേറ്റ് ഉണ്ടാക്കിയ നിയമം. ക്രിസ്തുവിലുള്ള വിശ്വാസത്താൽ ഒരു പാപിക്ക് ആ നിയമത്തിനു വിധേയനായി പാപപ്രമാണത്തിൽ നിന്ന് സ്വതന്ത്രനാകാൻ കഴിയുന്നു. ഈ നീതിയുക്തമായ സ്വാതന്ത്ര്യമാണ് ഒരു വിശ്വാസി അനുഭവിക്കുന്നത്. ദൈവിക കോടതിയിൽനിന്ന് സമ്പൂർണ്ണ നീതീകരണവിധി വാങ്ങിക്കൊണ്ട് ക്രിസ്തുയേശുവിലുള്ള സ്വാതന്ത്ര്യവുമായി ഒരു വിശ്വാസി "ജഡത്തെ അല്ല, ആത്മാവിനെയത്രെ അനുസരിച്ചു" കൊണ്ട് നടക്കുകയാണ്, മുന്നോട്ട്. ആ സ്വാതന്ത്ര്യത്തിന്റെ സവിശേഷത അതിനെ സ്നേഹത്തിന്റെ അടിമത്തമാക്കുന്നു; അല്ല, അതു മറ്റൊരു "ഇല്ലായ്മ"യിൽ ഒരു വിശ്വാസിയെ എത്തിക്കുകയായി.

ഈ രണ്ടാമത്തെ ഇല്ലായ്മ പൗലൊസ് ഇങ്ങനെ വിവരിക്കുന്നു: "*ക്രിസ്തുവിന്റെ സ്നേഹത്തിൽനിന്ന് നമ്മെ വേർപിരിക്കുന്നതാർ? കഷ്ടതയോ സങ്കടമോ ഉപദ്രവമോ പട്ടിണിയോ നഗ്നതയോ ആപത്തോ വാളോ? 'നിന്റെ നിമിത്തം ഞങ്ങളെ ഇടവിടാതെ കൊല്ലുന്നു; അറുപ്പാനുള്ള ആടുകളെപ്പോലെ ഞങ്ങളെ എണ്ണുന്നു' എന്ന് എഴുതിയിരിക്കുന്നുവല്ലോ. നാമോ നമ്മെ സ്നേഹിച്ചവൻ മുഖാന്തരം ഇതിൽ ഒക്കെയും പൂർണ്ണ ജയം പ്രാപിക്കുന്നു. മരണത്തിനോ ദൂതൻമാർക്കോ വാഴ്ചകൾക്കോ അധികാരങ്ങൾക്കോ ഇപ്പോഴുള്ളതിനോ വരുവാനുള്ളതിനോ ഉയരത്തിനോ ആഴത്തിനോ മറ്റു യാതൊരു സൃഷ്ടിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിലുള്ള ദൈവസ്നേഹത്തിൽ നിന്ന് നമ്മെ* ***വേർപിരിപ്പാൻ കഴികയില്ല*** *എന്നു ഞാൻ ഉറച്ചിരിക്കുന്നു*" (റോമർ 8:35-39). ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്ന് വേർപിരിക്കാൻ ഒന്നുമേ ഇല്ലാത്ത അവസ്ഥ! എത്ര മനോഹരം! എന്തിനും ഏതിനും ആളുംഅർത്ഥവും ഉള്ള ഈ ലോകത്തിൽ ക്രിസ്തുവിലുള്ള ദൈവസ്നേഹത്തിൽനിന്ന് ഒരു വിശ്വാസിയെ അടർത്തിയെടുക്കുവാൻ ആരുമില്ലെന്നും ഒന്നുമില്ലെന്നും പറഞ്ഞാൽ അതൊരു അത്ഭുതം തന്നെ. എന്നാൽ അത് സത്യമാണെന്ന് ദൈവവചനം പറയുന്നു. അത് ഒരു വിശ്വാസിയുടെ സാമർത്ഥ്യം കൊണ്ടല്ല, പ്രത്യുത: ദൈവസ്നേഹത്തിന്റെ സവിശേഷത കൊണ്ടാണ്. കാരണം സ്നേഹം

# കൃപ എന്ന വിശിഷ്ട വിഷയം – 10

കെ.വി. ജോൺ, തിരുവല്ല

## കൃപയാലുള്ള ദൈവവിളിയുടെ പിന്നിലുള്ള സുപ്രധാന ഉദ്ദേശ്യം

ദൈവം ഒരുവനെ തന്റെ മുൻ അറിവിനൊത്ത വണ്ണം മുൻ നിർണ്ണയപ്രകാരം വിശുദ്ധവിളികൊണ്ട് അവൻ അവന്റെ അമ്മയുടെ ഉദരത്തിൽ ആയിരിക്കുമ്പോൾ തന്നെ വിളിച്ച് വേർതിരിക്കുന്നതിന് ഒരു പ്രധാന ഉദ്ദേശ്യമുണ്ട്. അതിനെക്കുറിച്ച് അപ്പൊസ്തലനായ പൗലൊസ് പറയുന്നത് നോക്കുക. "ദൈവം തന്റെ പുത്രനും നമ്മുടെ കർത്താവുമായ യേശുക്രിസ്തുവിനെക്കുറിച്ച് വിശുദ്ധ രേഖകളിൽ തന്റെ പ്രവാചകന്മാർ മുഖാന്തിരം മുമ്പുകൂട്ടി വാഗ്ദത്തം ചെയ്ത സുവിശേഷത്തിനായി വേർതിരിച്ചു വിളിക്കപ്പെട്ട അപ്പൊസ്തലനും യേശുക്രിസ്തുവിന്റെ ദാസനുമായ പൗലൊസ് റോമയിൽ ദൈവത്തിന് പ്രിയരും വിളിക്കപ്പെട്ട വിശുദ്ധന്മാരുമായ എല്ലാവർക്കും എഴുതുന്നത് (റോമ. 1:1-3). തന്നെക്കുറിച്ചുള്ള ദൈവിക ഉദ്ദേശ്യം നല്ലവണ്ണം മനസ്സിലാക്കിയതുകൊണ്ടാണല്ലോ പൗലൊസ് കൊരിന്ത്യരോടു പറയുന്നത് "ഞാൻ സുവിശേഷം അറിയിക്കുന്നു എങ്കിൽ എനിക്ക് പ്രശംസിപ്പാൻ ഒന്നുമില്ല. നിർബന്ധം എന്റെമേൽ കിടക്കുന്നു. ഞാൻ സുവിശേഷം അറിയിക്കുന്നില്ലായെങ്കിൽ എനിക്ക് അയ്യോ കഷ്ടം! ഞാനത് മനപ്പൂർവ്വം നടത്തുന്നുവെങ്കിൽ എനിക്ക് പ്രതിഫലം ഉണ്ട്. മനപ്പൂർവ്വം അല്ലെങ്കിലും കാര്യം എങ്കൽ ഭരമേല്പിച്ചിരിക്കുന്നു" (1 കൊരി. 9:16, 17).

പൗലൊസ് റോമർക്കും കൊരിന്ത്യർക്കും എഴുതുമ്പോൾ പൊതുവെ ഉപയോഗിക്കുന്ന ഒരു ഭാഷാപ്രയോഗം കാണുന്നു. "വിളിക്കപ്പെട്ട വിശുദ്ധന്മാരായവർക്ക്" എന്നുള്ളത്. പൗലൊസിനെ ഏതുദ്ദേശ്യത്തോടെ ദൈവം വിളിച്ചുവോ അതേ ഉദ്ദേശ്യത്തോടെയാണ് സകല വിശുദ്ധന്മാരെയും വിളിച്ചിരിക്കുന്നത്. എന്നാൽ പൗലൊസിനുണ്ടായ അതേ 'മനോബോധം' വിളിക്കപ്പെട്ടവരാണെന്നു ബോദ്ധ്യമുള്ള നമുക്കെല്ലാവർക്കും ഉണ്ടായിട്ടുണ്ടോ? ദൈവിക നിർബന്ധത്തിന്റെ ഗൗരവം മനസ്സിലാക്കി മനപ്പൂർവ്വം സുവിശേഷം ഘോഷിക്കുവാൻ നമുക്ക് സാധിക്കുന്നുണ്ടോ? നാം ചിന്തിക്കേണ്ട ഒരു വിഷയമല്ലേയിത്. നിർബന്ധമായും മനപ്പൂർവ്വമായും നാം ചെയ്യുന്ന അനേക പ്രവർത്തികളില്ലേ. ഏറ്റവും പ്രിയപ്പെട്ട ആർക്കെങ്കിലും രോഗം വന്നാൽ അവരെ ഡോക്ടറെ കാണിക്കുവാനോ ആശുപത്രിയിലാക്കുവാനോ ഉള്ള ആവശ്യകത സുവിശേഷം അറിയിക്കുന്ന കാര്യത്തിൽ നമുക്കുണ്ടാകാറുണ്ടോ? കുഞ്ഞുങ്ങളുടെ വിവാഹം, വിദ്യാഭ്യാസം ഇത്യാദി ഏതെങ്കിലും കാര്യങ്ങളോട് ബന്ധപ്പെട്ട് പെട്ടെന്നു ചെയ്യേണ്ട യാത്ര നാം മാറ്റി വയ്ക്കാറുണ്ടോ? സാമ്പത്തീകനേട്ടം ഉണ്ടാകാൻ സാദ്ധ്യയുണ്ടെന്നു തോന്നാവുന്ന ഏതെങ്കിലും സംഗതി വന്നാൽ അക്കാര്യത്തിൽ ശ്രദ്ധവയ്ക്കുവാൻ നാം അമാന്തം കാണിക്കാറുണ്ടോ? സുവിശേഷ സംബന്ധമായ പ്രവർത്തനത്തിൽ ഭക്ഷണം, താമസസൗകര്യം, കിടക്ക മറ്റു സൗകര്യങ്ങൾ എന്നിവയ്ക്ക് ഏതിനെങ്കിലും കുറവു വന്നാൽ അത് സാരമില്ല എന്നെണ്ണുവാൻ നമുക്ക് സാധിക്കുന്നുണ്ടോ? സുവിശേഷ വ്യാപനവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ കഷ്ടതയുണ്ടായാൽ അത് സന്തോഷത്തോടെ സഹിപ്പാൻ നാം തയ്യാറാകുന്നുണ്ടോ? സുവിശേഷ സംബന്ധമായ പ്രവർത്തനത്തിൽ തനിക്ക് അനുഭവിക്കേണ്ടി വന്ന പ്രയാസങ്ങളെ ഒന്നൊന്നായി നിരത്തുമ്പോൾ (2 കൊരി 11:23-28) പൗലൊസ് പറയുന്നു. "അദ്ധ്വാനം, പ്രയാസം, പലവട്ടം ഉറക്കിളപ്പ്, പൈദാഹം, പലവട്ടം പട്ടിണി, ശീതം, നഗ്നത എന്നീ അസാധാരണ സംഗതികൾ ഭവിച്ചതുകൂടാതെ എനിക്ക് ദിവസേന സർവ്വസഭകളെയും കുറിച്ചുള്ള ചിന്താഭാരം എന്ന തിരക്കും ഉണ്ട്" (2 കൊരി 11:27-28). വാഴ്ത്തപ്പെട്ട നമ്മുടെ കർത്താവ് തന്റെ ശിഷ്യന്മാർ ഭക്ഷിപ്പാനായി

---

ദൈവത്തിന്റേതാണ്; ദൈവമാണ് അത് തുടങ്ങി വച്ചത്. "*അവൻ ആദ്യം നമ്മെ സ്നേഹിച്ചതുകൊണ്ട് നാം സ്നേഹിക്കുന്നു*" (1 യോഹ. 4:19) എന്നു മാത്രം. മാത്രമല്ല നമ്മെ സ്നേഹിച്ചവൻ മുഖാന്തരം പൗലൊസ് പിന്നീട് പറയുന്ന അതി ഭയങ്കരമായ പ്രാതികൂല്യങ്ങളെ എല്ലാം ജയിച്ച് നാം മുന്നേറുന്നു. നാം ആ കാര്യത്തിൽ "യുദ്ധജേതാക്കളെക്കാൾ ശ്രേഷ്ഠരാണ്" (more than conquerors) എന്ന് പൗലൊസ് പറയുന്നു. വെറും പൊള്ളയായ വാക്കുകൾ അല്ല ഇതെന്ന് ദമസ്ക്കൊസ് റോഡിൽ ആരംഭിച്ച് ഓസ്റ്റ്യൻ റോഡിൽ അവസാനിച്ച പൗലൊസിന്റെ ക്രൈസ്തവജീവിതം സാക്ഷിക്കുന്നു.

ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവർക്ക് ഒരു ശിക്ഷാവിധിയും ഇല്ല എന്ന സദ്വാർത്ത അറിയിക്കുന്നവരെ ശത്രുക്കളായി കരുതുന്നവരുമായി വേർപിരിക്കുവാൻ കഴിയാത്ത ദൈവസ്നേഹം പങ്കുവെയ്ക്കുകയാണ് നമ്മുടെ ചുമതല. നാം ചിന്തിച്ച ഈ ഇല്ലായ്മകളിലേയ്ക്ക് അവരെ നമുക്ക് ആഹ്വാനം ചെയ്യാം. ●

തന്നോട് ഒരിക്കൽ ആവശ്യപ്പെട്ടപ്പോൾ പറഞ്ഞത് "എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്ത് അവന്റെ പ്രവൃത്തി തികയ്ക്കുന്നതുതന്നെ എന്റെ ആഹാരം" എന്നാണ് (യോഹ.4:34).

എ.ഡി. 1827–28 കാലഘട്ടത്തിൽ ആരംഭിച്ച ബ്രദറൺ പ്രസ്ഥാനത്തിന്റെ പ്രധാന സവിശേഷത പോകുന്ന ഇടത്തെല്ലാം ബൈബിൾ കൊണ്ടുപോകുക, കാണുന്നവരോടെല്ലാം സുവിശേഷം അറിയിക്കുക എന്നുള്ളതായിരുന്നു. അതിന് അവർ സമയം കണ്ടെത്തി, ഇടവും കണ്ടെത്തി. ഉയരത്തിൽ നിന്നുള്ള നിർബന്ധത്താൽ മനപ്പൂർവ്വം അത് ചെയ്തു. അതിലൂടെ ദൈവത്തെ അവർ മാനിച്ചു. ദൈവം അവരെയും മാനിച്ചു. അവർ അനുഗ്രഹിക്കപ്പെട്ടു. അടുത്ത തലമുറകളും അനുഗ്രഹിക്കപ്പെട്ടു. ആത്മീയ അനുഗ്രഹങ്ങൾക്ക് പിന്നാലെ ഭൗതിക നേട്ടങ്ങളും കൈവന്നു. ഇന്ന് ഭൗതീക നേട്ടങ്ങളിൽ അധികം അഭിമാനം കൊള്ളുന്നു. മാർക്കറ്റിംഗ്, ഷോപ്പിംഗ്, സൗഹൃദ സന്ദർശനം അങ്ങനെ ഏതു കാര്യത്തിനു പോയാലും അവരുടെ കയ്യിൽ ഏവരും കാണത്തക്കവണ്ണം ഒരു വേദപുസ്തകം അവർ വെച്ചിരുന്നു. സുവിശേഷം അറിയിക്കുന്ന ശുശ്രൂഷയ്ക്കായി "സമയത്തും അസമയത്തും" (2 തിമൊ. 4:2) അവർ ഒരുങ്ങി നിന്നു. ഇന്നത്തെ സ്ഥിതിയോ?

ഈ ബന്ധത്തിൽ ഈ ലേഖകൻ എപ്പോഴും ഓർക്കുന്ന ഒരു കാര്യം ഉണ്ട്. ഏതാണ്ട് 25 വർഷങ്ങൾക്കു മുമ്പ് കണ്ടതാണ്. ഗവൺമെന്റ് ജോലിയോടുള്ള ബന്ധത്തിൽ യാത്ര ചെയ്ത് കണ്ണൂരിലുള്ള ഒരു ലോഡ്ജിൽ ഒരാഴ്ചയോളം താമസിക്കുകയുണ്ടായി. അപ്പോൾ ഒരു ദിവസം മുടിവെട്ടിക്കുവാനായി കണ്ണൂർ ടൗണിലുള്ള ഒരു ബാർബർ ഷോപ്പിൽ സന്ധ്യയാകാറായ സമയം കയറി. വളരെ വൃത്തിയായി സൂക്ഷിച്ചിരുന്ന ഒരു ഷോപ്പ്. അനേകം സുവിശേഷ ട്രാക്റ്റുകൾ അവിടെ ഒരു ഭാഗത്ത് അടുക്കി വെച്ചിരിക്കുന്നു. മുകളിൽ ഭിത്തിയിൽ ഒരു കുറിപ്പും. കുറിപ്പ് ഇപ്രകാരമാണ്. "ഇവിടെ മുടി വെട്ടാൻ വരുന്നവർക്ക് ദൈവനാമത്തിൽ സ്വാഗതം. ദയവു ചെയ്ത് ഇവിടെ ഇരുന്ന് രാഷ്ട്രീയ വിഷയങ്ങളോ അപ്രകാരമുള്ള മറ്റു സംഗതികളോ സംസാരിക്കരുത്. സുവിശേഷ സംബന്ധമായി ചില ട്രാക്റ്റുകൾ വച്ചിട്ടുണ്ട്. ഇവിടെ ഇരിക്കുമ്പോൾ അതെടുത്ത് നിശബ്ദമായി വായിക്കാം. താല്പര്യം തോന്നുന്നുവെങ്കിൽ ദയവു ചെയ്ത് ട്രാക്റ്റുകൾ എടുത്തുകൊണ്ട് പോവുക. വായിപ്പാൻ താല്പര്യമുള്ളവർക്ക് കൊടുക്കുക. ദൈവം താങ്കളെ അനുഗ്രഹിക്കട്ടെ."

മുടി വെട്ടിക്കൊണ്ടിരുന്നപ്പോൾ ഞാൻ ആ ചെറുപ്പക്കാരനോടു ചോദിച്ചു. "ഈ കുറിപ്പ് ഇങ്ങനെ എഴുതുവാനും ട്രാക്റ്റുകൾ ഇങ്ങനെ മനോഹരമായി അടുക്കിവെയ്ക്കുവാനുമുള്ള പ്രേരണാശക്തി എവിടെനിന്നു ലഭിച്ചു." വിനീത സ്വരത്തിൽ ഇങ്ങനെ മറുപടി നൽകി. "ഞാനൊരു കൊടും പാപിയായിരുന്നു, യേശുകർത്തവ് എന്നെ രക്ഷിച്ചു. ഞാനിപ്പോൾ സമാധാനവും സന്തോഷവുമുള്ളവനായി ജീവിക്കുന്നു. മറ്റ് ജീവിതമാർഗ്ഗമില്ലാത്തതുകൊണ്ട് ഞാനീ ജോലി ചെയ്യുന്നു. ദൈവം തന്ന ജോലിയായി ഞാനിതു കാണുന്നു. എന്നാൽ സുവിശേഷം അറിയിക്കുവാനുള്ള നിർബന്ധം എന്റെ മേൽ കിടക്കുന്നു. ഞാനതു മനപ്പൂർവ്വം ചെയ്യുന്നു. എന്റെ ജീവിത മാർഗ്ഗത്തിലൂടെ ദൈവം അനുവദിക്കുന്ന കാലമത്രയും ഞാനിതു ചെയ്യും."

പ്രിയ വായനക്കാരാ കൃപയാലുള്ള വിളി കേട്ട് ദൈവമകനായ താങ്കൾക്ക് സുവിശേഷം അറിയിപ്പാനുള്ള ദൈവീക നിർബന്ധം ഇല്ലേ. മനപ്പൂർവ്വമായി ഇതു ചെയ്യേണ്ടതല്ലേ? സ്വന്ത നിർബന്ധത്തിനും മറ്റു പലരുടെയും നിർബന്ധത്തിനും വഴങ്ങി പലതും പലതും ചെയ്യുന്ന താങ്കൾ മദ്ധ്യാകാശത്തിൽ കർത്താവിന്റെ വരവിങ്കൽ തന്റെ സമീപേ നിൽക്കുമ്പോൾ പ്രതിഫലത്തിനായി കൈ നീട്ടുമ്പോൾ, "പ്രിയ മകനേ! നീ എനിക്കു വേണ്ടി എന്തു ചെയ്തു" എന്ന് കർത്താവു ചോദിച്ചാൽ എന്തു മറുപടി നൽകും. (തുടരും)

## സോദരീഭവൻ കൊല്ലം

കൃപയാൽ ഏപ്രിൽ 8–10 വരെ സിസ്റ്റേഴ്സ് കോൺഫറൻസും 11 – മെയ് 1 വരെ 3 ആഴ്ചത്തെ ബൈബിൾ സ്കൂളും വളരെ അനുഗ്രഹിക്കപ്പെട്ട നിലയിൽ നടത്തുവാൻ കർത്താവ് സഹായിച്ചു. പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്ത എല്ലാവർക്കും ദൈവസ്നേഹത്തിൽ ഞങ്ങളുടെ നന്ദി അറിയിക്കുന്നു.

സോദരീഭവനിൽ നടത്തി വരുന്ന ഇംഗ്ലീഷ് മീഡിയം ബൈബിൾ സ്കൂളിന്റെ അടുത്ത ബാച്ച് 2010 ജൂൺ 27 ന് ആരംഭിക്കുന്നതാണ്. ഈ കോഴ്സിൽ ചേർന്ന് പഠിക്കുവാൻ ആഗ്രഹിക്കുന്നവർ മെയ് 27 ന് മുമ്പ് അപേക്ഷാഫാറം പൂരിപ്പിച്ച് അയയ്ക്കേണ്ടതാണെന്ന് ദൈവസ്നേഹത്തിൽ ഓർമ്മിപ്പിച്ചു കൊള്ളുന്നു. വിലാസം : ജോയിസ്സ് മാത്യു, സെക്രട്ടറി, സോദരീഭവൻ, ആൻഞ്ഞിലീ റോഡ് കൊല്ലം– 691001. ഫോൺ: 0474 2744846.

# വെളിപ്പാടു പുസ്തകം - ഒരു പഠനം 7

**ഡോ. ഒ. എം. ശമുവേൽ**

"നിങ്ങളുടെ സഹോദരനും യേശുവിന്റെ കഷ്ടതയിലും രാജ്യത്തിലും സഹിഷ്ണതയിലും കൂട്ടാളിയുമായ യോഹന്നാൻ എന്ന ഞാൻ ദൈവ വചനവും യേശുവിന്റെ സാക്ഷ്യവും നിമിത്തം പത്മൊസ് എന്ന ദ്വീപിൽ ആയിരുന്നു" (1:9).

യോഹന്നാൻ തന്നെ പരിചയപ്പെടുത്തുന്ന രീതി ശ്രദ്ധിക്കുക. പ്രത്യേകിച്ചുള്ള ഔദ്യോഗിക സ്ഥാന ങ്ങൾ ഒന്നും പറയാതെ ഏറ്റവും ലളിതമായ ഒരു മാർഗ്ഗമാണ് അപ്പൊസ്തലൻ സ്വീകരിച്ചിരിക്കുന്ന ത്. "നിങ്ങളുടെ സഹോദരൻ" എത്ര ലളിതവും ഹൃദ്യതയും ആത്മാർത്ഥതയും നിറഞ്ഞു തുളു മ്പുന്ന അവതരണരീതി. യോഹന്നാന്റെ യൗവ്വന കാലത്ത് യേശുക്രിസ്തു രാജ്യം സ്ഥാപിക്കു മ്പോൾ അവന്റെ ഇടത്തും വലത്തും ഇരിക്കാനായി ആഗ്രഹിക്കുകയും ആ ആഗ്രഹം കർത്താവിനോട് നേരിട്ട് പറയുകയും ചെയ്തു. അധികാര സ്ഥാന ത്തിനുവേണ്ടി യോഹന്നാൻ ശക്തിയായി വാദിച്ച ആൾ ആണ്. എന്നാൽ ഇപ്പോൾ യേശുക്രിസ്തു വിലുള്ള ഭാവം തന്റെ ജീവിതശൈലിയായി മാറി ക്കഴിഞ്ഞപ്പോൾ സ്ഥാനമാനാദികൾക്ക് വേണ്ടി യുള്ള ആഗ്രഹമെല്ലാം മാറി ഏറ്റവും വിനയാന്വി തനായിത്തീരുകയാണ് ചെയ്യുന്നത്. ഇത് ശരിയായ ആത്മീയ വളർച്ചയുടെ ഒരു പ്രത്യക്ഷ ലക്ഷണം ആണ്. യേശുക്രിസ്തുവുമായുള്ള ബന്ധം വിവരി ച്ചിരിക്കുന്നത് കൂടുതൽ ശ്രദ്ധാർഹമാണ്. യേശു വിന്റെ കഷ്ടതയിലും സഹിഷ്ണതയിലും രാജ്യ ത്തിലും കൂട്ടാളിയായിട്ടാണ് തന്നെ പരിചയപ്പെടു ത്തുന്നത്. യേശുക്രിസ്തുവിന്റെ ദാസൻ എന്നു പോലും യോഹന്നാൻ അവകാശപ്പെടുന്നില്ല. യേശു ക്രിസ്തുവിന്റെ കഷ്ടതയിൽ പങ്കാളിയായിത്തീരാ നുള്ള ആത്മാർത്ഥമായ ആഗ്രഹം എത്രയോ പ്രശംസനീയമാണ്. പൗലൊസും ഒരു സമയത്തു അവന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയും പുന രുത്ഥാനത്തിന്റെ ശക്തിയും അനുഭവിച്ചറിയാനുള്ള തന്റെ ഉൽക്കടമായ ആഗ്രഹം ഫിലിപ്യ ലേഖന ത്തിൽ വെളിപ്പെടുത്തുന്നുണ്ട് (ഫിലി. 3:11). ആത്മീയ വളർച്ചയുടെ മാനദണ്ഡമാണ് നമുക്കി വിടെ ദർശിക്കുവാൻ സാധിക്കുന്നത്.

യോഹന്നാൻ എങ്ങനെയാണ് പത്മൊസ് എന്ന ദ്വീപിൽ എത്തിച്ചേർന്നത്? 2 വിധത്തിലാണ് ഈ സ്ഥാനത്ത് എത്തിച്ചേർന്നത്. ഒന്ന് ദൈവവചനം കലർപ്പുകൂടാതെ പ്രസംഗിച്ചു. മറ്റൊന്ന് യേശുക്രി സ്തുവിന്റെ സാക്ഷിയായിരുന്നു. ഈ 2 വസ്തുത കളുടെ അടിസ്ഥാനത്തിൽ യോഹന്നാനെ റോമൻ അധികാരികൾ പത്മൊസിലേക്ക് നാടുകടത്തിയി രിക്കുകയാണ്. ദുഷ്ടനായ ഡൊമീഷ്യൻ ചക്ര വർത്തിയാണ് ഇപ്രകാരമുള്ള കഠിന ശിക്ഷ വിധി ച്ചത്. എന്നാൽ ഈ കഷ്ടതയുടെ ദിനങ്ങൾ യോഹ ന്നാനെ സംബന്ധിച്ചിടത്തോളം ആത്മീയമായി ഉന്ന തങ്ങളിലെ അനുഭവങ്ങൾ നിറഞ്ഞതായിരുന്നു. ലോകത്തിൽ നിങ്ങൾക്ക് കഷ്ടം ഉണ്ട് എങ്കിലും ധൈര്യപ്പെടുവിൻ ഞാൻ ലോകത്തെ ജയിച്ചിരി ക്കുന്നു എന്നരുളിച്ചെയ്ത അരുമനാഥന്റെ സാന്നി ദ്ധ്യവും ആശ്വാസവും യോഹന്നാന് ആത്മധൈര്യം പകർന്നു.

"കർത്തൃദിവസത്തിൽ ഞാൻ ആത്മവിവശനാ യി" (1:10). കർത്തൃദിവസം ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസമാണെന്നും അല്ല ലോകം ഇതുവരെ കണ്ടിട്ടില്ലാത്തതും ഇനിയും കാണാൻ അസാദ്ധ്യ വുമായ ദൈവത്തിന്റെ കോപം ചൊരിയുന്ന കർത്താവിന്റെ നാളാണെന്നും 2 അഭിപ്രായമുണ്ട്. 2 അർത്ഥത്തിനും സാദ്ധ്യതയുണ്ടെങ്കിലും ഇവിടെ പ്രസക്തമായിട്ടുള്ളത് കർത്തൃദിവസം തന്നെയായി രിക്കും. ഈ പ്രത്യേക പദപ്രയോഗം പുതിയനിയ മത്തിൽ ഇതുകൂടാതെ 1 കൊരി. 11:20 ലുമേ കാണു ന്നുള്ളൂ. ഇവിടെ കർത്തൃമേശയോടുള്ള ബന്ധത്തി ലാണ് ഈ പദപ്രയോഗം വരുന്നത്. ആഴ്ചവട്ട ത്തിന്റെ ഒന്നാം ദിവസം ആണല്ലോ കർത്തൃമേശ ആചരിക്കുന്നത് (അപ്പൊ. 20:7). ഒരുപക്ഷേ കഴിഞ്ഞ നാളുകളിൽ കർത്തൃദിവസങ്ങളിൽ ദൈവ മക്കളുമായി അനുഭവിച്ച കൂട്ടായ്മയുടെ മധുരസ്മ രണകൾ തന്നെ വികാരഭരിതനാക്കിക്കാണും. പത്മൊസ് ദ്വീപിലെ ഏകാന്തതയിലും യോഹന്നാൻ ആത്മവിവശനായിത്തീർന്നു. ആത്മാവിന്റെ പൂർണ്ണ നിയന്ത്രണത്തിൽ ആയിത്തീരുന്നതിന് യാന്ത്രിക മായ ഒരു പശ്ചാത്തലം ആവശ്യമില്ല എന്നുള്ളത് സ്പഷ്ടം.

ഈ ആത്മവിവശതയിലാണ് കാഹളനാദം പോലെയുള്ള മഹാശബ്ദം തന്റെ പിന്നിൽ നിന്നും കേട്ടത് (1:11). 4-ാം അദ്ധ്യായത്തിലും ഇതേ കാഹ ളനാദം കേൾക്കുന്നുണ്ട്. ഈ കാഹളനാദം യോഹ ന്നാന് വളരെ സുപരിചിതമായ ശബ്ദമാണ്. ഏതൊരു കർത്താവിന്റെ മാർവ്വിടത്തിലാണോ താൻ ചാരിയിരുന്നത്, ഏതൊരു ഹൃദയസ്പന്ദന മാണോ താൻ കേട്ടത് അതേ ശബ്ദമാണ് യോഹ ന്നാൻ കേട്ടത്. യോഹന്നാന് ലഭിക്കുന്ന സന്ദേശം 7 സഭകളെ അറിയിക്കുവാനുള്ള കല്പനയാണ് തന്റെ പിന്നിൽ കേട്ടത്. ആ ശബ്ദത്തിന്റെ ഉടമയെ

# എങ്ങനെ ആരാധിക്കണം?

എസ്.ജി. ഗിൽബർട്ട്, ആറാമട

ആരാധന വ്യക്തിപരമായ വിഷയമാണ്. ദൈവത്തെ ആർക്കും എങ്ങനെയും ആരാധിക്കാം. ഒരാൾ ആരാധിക്കുന്ന രീതി മാത്രം ശരി മറ്റുള്ളവരുടെ രീതികൾ ഒന്നും ശരിയല്ല എന്നു പറയുവാനും ആർക്കും കഴിയില്ല. ദൈവത്തെ ആർക്കും എങ്ങനെയും ആരാധിക്കാനുള്ള സ്വാതന്ത്ര്യം ഉണ്ടെങ്കിലും ദൈവജനം ദൈവത്തെ ആരാധിക്കുമ്പോൾ അതിന്റെ വ്യവസ്ഥ അനുസരിച്ച് ആരാധിക്കണം. അല്ലാത്ത ആരാധനകൾ ഒന്നും സർവ്വശക്തനായ ദൈവം സ്വീകരിക്കയില്ല.

**1 ബഹുമാനത്തോടും ഭക്തിയോടും കൂടെ ആരാധിക്കണം.**

"നാം നന്ദിയുള്ളവരായി ദൈവത്തിനു പ്രസാദം വരുമാറു ഭക്തിയോടും ഭയത്തോടുംകൂടെ സേവ ചെയ്ക. നമ്മുടെ ദൈവം ദഹിപ്പിക്കുന്ന അഗ്നിയല്ലോ" (എബ്രാ. 12:28-29).

**a ഭക്തിയോടെ ആരാധിക്കണം (സങ്കീ. 5:7)**

ദൈവത്തോടുള്ള അഗമ്യമായ സ്നേഹത്തിൽ നിന്നും ആദരവിൽനിന്നും ബഹുമാനത്തിൽ നിന്നും ഹൃദയത്തിന്റെ അന്തരാത്മാവിൽനിന്നും ഉണ്ടാകുന്ന ഒന്നാണ് ഭക്തി. ദൈവത്തെ ആരാധിക്കുമ്പോൾ നാം ഭക്തിയോടെ ആരാധിക്കണം. ഭക്തിയോടുകൂടെ മാത്രമേ ദൈവത്തെ ആരാധിക്കാവൂ എന്ന് എല്ലാവർക്കും അറിയാമെങ്കിലും പലരും ഭക്തിയില്ലാതെ ആരാധിക്കുന്നത് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. കർത്താവിനെ ആരാധിക്കുന്ന സമയങ്ങളിൽ പലരും അശ്രദ്ധരായിട്ടിരുന്ന് കുഞ്ഞുങ്ങളെ കളിപ്പിക്കുക, പലരെയും നോക്കി പരിഹസിച്ചു ചിരിക്കുക. ചിലരുടെ വേഷവിധാനങ്ങൾ നോക്കി വിലയിരുത്തുക. ആരാധനയിൽ ആരൊക്കെ എന്തെല്ലാം ചെയ്യുന്നു എന്നു നോക്കിക്കൊണ്ടിരിക്കുക. പാട്ടു പാടുന്നതിൽ, സ്തോത്രം ചെയ്യുന്നതിൽ എന്നു തുടങ്ങി ഓരോന്നിലും മത്സര മനോഭാവത്തോടെ സഹകരിക്കുക, ആരാധനാമദ്ധ്യേ അശ്രദ്ധമായി ഇരിക്കുക. നമുക്ക് ഇഷ്ടമില്ലാത്തവർ ധ്യാനചിന്ത പറഞ്ഞാലോ, സ്തോത്രം ചെയ്താലോ, അലോഹ്യം ഉണ്ടാക്കുക തുടങ്ങിയ കാര്യങ്ങൾ പലയിടത്തും ആരാധനയുടെ ഇടയിൽ ഒളിഞ്ഞും തെളിഞ്ഞും നടക്കാറുണ്ട്. ഇതെല്ലാം ആരാധനയിൽ ദൈവ ഭക്തിയില്ലായ്മ വിളിച്ചറിയിക്കയാണ്. ദൈവഭക്തിയില്ലാത്തവരുടെ ആരാധന ദൈവം സ്വീകരിക്കയില്ല.

**b ബഹുമാനത്തോടെ ആരാധിക്കണം**

ബഹുമാനത്തോടെയും ബഹുമാനമില്ലാതെയും ഒരുവനു ദൈവത്തെ ആരാധിക്കാൻ സാധിക്കും. ഒരു ആളിന്റെ വലിപ്പവും യോഗ്യതകളും അനുസരിച്ചാണ് നാം ബഹുമാനിക്കുന്നതും ആദരിക്കുന്നതും. ദൈവത്തിന് എങ്ങനെയെങ്കിലും കുറച്ചു മഹത്വം കൊടുത്തതുകൊണ്ട് അവൻ പ്രസാദിക്കയില്ല. "യഹോവയ്ക്കു അവന്റെ നാമത്തിനു തക്ക മഹത്വം കൊടുപ്പിൻ" (സങ്കീ. 96:8). ദൈവജനം ദൈവത്തിന്റെ വലിപ്പത്തിന്നും മഹത്വത്തിനും ഒത്തവണ്ണം അവനെ നമസ്കരിക്കണം. ഭാരതത്തിലെ പരമോന്നതനായ രാഷ്ട്രപതി ഇരിക്കുന്ന സദസ്സിൽ കേവലം നമ്മുടെ ഒരു കൂട്ടുസ്നേഹിതൻ അരികിൽ ഇരിക്കുന്നതിന്റെ അളവിൽ ഉള്ള ബഹുമാനവും ആദരവും നൽകിയാൽ ഒരിക്കലും മതിയാകയില്ല.

അങ്ങനെയാണെങ്കിൽ രാജാധിരാജാവും കർത്താധികർത്താവുമായ സർവ്വശക്തനായ ദൈവം നമ്മുടെ ആരാധന സ്വീകരിക്കാൻ സന്നിഹിതനായിരിക്കുന്ന സദസ്സിൽ എത്ര ബഹുമാനത്തോടും ആദരവോടും കൂടെയാണ് ഇരിക്കേണ്ടത്. ഈ വലിയവനായ ദൈവത്തെ സർവ്വബഹുമാനത്തോടും ആദരവോടും കൂടെ നമുക്ക് നമസ്കരിക്കാം.

**c ഭയത്തോടെ ആരാധിക്കണം.**

പഴയനിയമ കാലയളവിൽ മഹാപുരോഹിതൻ അശുദ്ധിയോടെ യാഗരക്തവുമായി അതിവിശുദ്ധ സ്ഥലത്തു കടന്നാൽ മരണം ഉറപ്പാണ്. പഴയനിയമ വിശുദ്ധന്മാർക്ക് പ്രാകാരം വരെ ചെല്ലുവാൻ സാധിക്കു. എന്നാൽ പുതിയനിയമ വിശുദ്ധന്മാരായ നമുക്ക് വിശുദ്ധ സ്ഥലത്തല്ല, അതിപരിശുദ്ധ

---

യോഹന്നാന് വ്യക്തമായി അറിയാവുന്നതുകൊണ്ട് ആ വ്യക്തിയെ കാണാൻ യോഹന്നാൻ പിമ്പോട്ടു നോക്കി. എന്തുകൊണ്ടാണ് 7 സഭകളെ മാത്രം എടുത്തു പറയുന്നത്. ഏഷ്യാ മൈനറിൽ 7 സഭകളേ ഉണ്ടായിരുന്നുള്ളോ? നിശ്ചയമായും അല്ല. 7 സഭകളുടെ സന്ദേശങ്ങൾ ഒരു നിലയിൽ ചിന്തിച്ചാൽ പെന്തക്കൊസ്തു നാളിൽ ആരംഭിച്ച് ഉൾപ്രാപണം വരെയുള്ള കാലഘട്ടത്തിലെ സഭകളുടെ ആത്മീയ നിലവാരത്തെ വ്യക്തമാക്കുന്ന സഭാ ചരിത്രമാണ് ഈ ദൂതുകൾ. അതുകൊണ്ടാണ് 7 സഭകളെ പ്രത്യേകം തിരഞ്ഞെടുത്തിരിക്കുന്നത്. 7 പൂർണ്ണതയുടെ സംഖ്യയാണല്ലോ. അങ്ങനെയാണ് 7 സഭകളെ പ്രത്യേകം പേരെടുത്ത് പറഞ്ഞിരിക്കുന്നത്. (തുടരും)

സ്ഥലത്ത് ചെന്ന് കർത്താവിനെ ആരാധിക്കാനുള്ള അവകാശം നൽകിയിട്ടുണ്ട്. ഇത് കൃപായുഗം ആയ തിനാൽ ഭയം കൂടാതെ ദൈവത്തെ ആരാധിക്കാൻ പ്രമാണമില്ല. ദൈവം എന്നെ കൊന്നുകളയും എന്നുള്ള ഭയമല്ല ഇവിടെ ഉദ്ദേശിക്കുന്നത്. ദൈവം വലിയവനും സർവ്വശക്തനും സർവ്വവല്ലഭനും എന്നുള്ളത് ഓർത്ത് ദൈവത്തോടുള്ള സ്നേഹ ത്തിൽ നിന്നും ആദരവിൽനിന്നും ഊറിവരുന്ന ദൈവഭയമാണ് ഉദ്ദേശിക്കുന്നത്. അങ്ങനെയുള്ള ദൈവഭയത്തോടെ കർത്താവിനെ ആരാധിക്കണം. ഈ വിഷയത്തിന് ഒരു മറുവശവും ഉണ്ട്. ദൈവ ത്തെ ഭയംകൂടാതെ ആരാധിച്ചാൽ അവൻ ദഹിപ്പി ക്കുന്ന അഗ്നിയും കൂടെയാണ്.

**2 നന്ദിയുള്ളവരായി ആരാധിക്കണം.**

"എൻ മനമേ, യഹോവയെ വാഴ്ത്തുക; എന്റെ സർവ്വാന്തരംഗവുമേ അവന്റെ വിശുദ്ധ നാമത്തെ വാഴ്ത്തുക എൻ മനമേ യഹോവയെ വാഴ്ത്തുക. അവന്റെ ഉപകാരങ്ങൾ ഒന്നും മറക്കരുത്" (സങ്കീ. 103:1-2). ആരാധകന് നന്ദിയുള്ള ഒരു ഹൃദയം ഉണ്ടാ യിരിക്കണം. കുപ്പയിൽ കിടന്ന നമ്മെ പ്രഭുക്കന്മാ രോടുകൂടെ തന്റെ ജനത്തിന്റെ പ്രഭുക്കന്മാരോടു കൂടെ ഇരുത്തിയ കർത്താവിനെ വളരെ നന്ദി നിറ ഞ്ഞവരായി ആരാധിക്കേണ്ടതാണ്.

**3 നിർമ്മല മനസാക്ഷിയോടെ ആരാധിക്കണം**

"....നിർമ്മല മനസാക്ഷിയോടെ ആരാധിക്കുന്ന ദൈവത്തിനു ...." (1 തിമൊ. 1:4). ദൈവത്തെ ഒരു വൻ നിർമ്മല മനസാക്ഷിയോടെയാണ് ആരാധി ക്കേണ്ടത്. "....പരമാർത്ഥഹൃദയത്തോടെ അടുത്തു ചെല്ലുക" (എബ്രാ. 10:22). രക്ഷിക്കപ്പെട്ട ഒരു ദൈവ പൈതലിനുള്ള യോഗ്യതയാണ് നിർമ്മല ഹൃദ യവും പരമാർത്ഥതയും. ഒരു വ്യക്തി ദൈവത്തിൽ നിന്നും അന്യപ്പെട്ടുപോകുമ്പോൾ നിർമ്മലമനസാ ക്ഷിയും പരമാർത്ഥതയും നഷ്ടപ്പെടുന്നു. അതി നാൽ ഒരു ദൈവപൈതൽ പാപം ചെയ്താൽ നിരപ്പു പ്രാപിക്കാതെ ദൈവത്തെ ആരാധിക്കാൻ പാടില്ല. ഇന്ന് നമ്മുടെ പല സഭകളിൽ ഗുരുതര മായ തെറ്റുകൾ ചെയ്തിട്ട് യാതൊരു മനക്കു ത്തലും കൂടാതെ ദൈവത്തെ ആരാധിച്ചുപോകു ന്നുണ്ട്. അങ്ങനെയുള്ളവരുടെ ആരാധന ദൈവം സ്വീകരിക്കുകയില്ല.

**4 വിശുദ്ധിയിലും നീതിയിലും ആരാധിക്കണം.**

"...നാം ആയുഷ്കാലം ഒക്കെയും ഭയംകൂടാതെ തിരുമുമ്പിൽ വിശുദ്ധിയിലും നീതിയിലും തന്നെ ആരാധിപ്പാൻ നമുക്കു കൃപ നൽകുമെന്ന്. . . . ." (ലൂക്കൊസ് 1:74). ദൈവം വിശുദ്ധനും നീതിമാനു മാണ്. അവനിൽ അശുദ്ധി ലവലേശമില്ല. കർത്താ വിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട ദൈവജനം സ്ഥാനീയമായ നിലയിൽ വിശുദ്ധന്മാരും നീതിമാ ന്മാരുമാണ്. ജീവിത വിശുദ്ധി കാത്തു സൂക്ഷിക്കു വാൻ നാം കടപ്പെട്ടവരാണ്. ജീവിതവിശുദ്ധിയി ല്ലാതെ ഒരുവൻ ദൈവത്തെ ആരാധിച്ചാൽ ദൈവം അംഗീകരിക്കയില്ല.

**5 ഉപവാസത്തോടും പ്രാർത്ഥനയോടും ആരാ ധിക്കണം.**

"ദൈവാലയം വിട്ടു പിരിയാതെ ഉപവാസ ത്തോടും പ്രാർത്ഥനയോടും കൂടെ രാവും പകലും ആരാധന ചെയ്തുപോന്നു" (ലൂക്കൊസ് 1:37) ഹന്നാ പ്രവാചകി ദൈവത്തെ ആരാധിച്ചതിനെക്കു റിച്ചാണ് ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നത്. ദൈവത്തെ ആരാധിക്കുന്നവൻ ഉപവസിക്കണം എന്ന കല്പന നമുക്ക് തന്നിട്ടില്ല. സ്വന്ത താല്പര്യ പ്രകാരം ദൈവത്തോടുള്ള ഭയത്തോടും ഭക്തി യോടും വ്യക്തിപരമായി ചെയ്യുന്ന കാര്യമാണ് ഉപ വാസം. ചില പ്രിയപ്പെട്ടവർ ഞായറാഴ്ച കാലത്ത് ഉപവാസമായിരിക്കും. ആരാധന കഴിഞ്ഞ ശേഷമേ ഭക്ഷണം കഴിക്കയുള്ളൂ. അങ്ങനെ ചെയ്യുന്നവർ ആ നിലയിൽ ചെയ്യട്ടേ.

ഉപവസിക്കുക എന്ന വാക്കിന്റെ അർത്ഥം കൂടെ വസിക്കുക എന്നതാണ്. ആ അർത്ഥത്തിൽ ദൈവ ത്തോടുകൂടെ വസിക്കുകയും നിരന്തരമായി പ്രാർത്ഥനാബന്ധവും ഉള്ള ഒരു വ്യക്തിക്കു മാത്രമേ കർത്താവിനെ ആരാധിക്കാവൂ. ആരാധ നയുടെ ഒരുക്കത്തിന് ശരിയായ ഉപവാസവും പ്രാർത്ഥനയും ഒരു വിശ്വാസിക്ക് ആവശ്യമാണ്.

**6 പൂർണ്ണ ഹൃദയത്തോടും ആത്മാവോടും ശക്തി യോടും ആരാധിക്കണം.**

"നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണ ഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണശക്തി യോടും പൂർണ്ണമനസ്സോടും കൂടെ സ്നേഹിക്ക ണം..." (ലൂക്കൊസ് 10:27). യേശുക്രിസ്തു ന്യായ ശാസ്ത്രിയുടെ ചോദ്യത്തിനു ഉത്തരമായി മറുപടി പറഞ്ഞ വാക്കുകളാണ് മുകളിൽ കൊടുത്തിരിക്കു ന്നത്. ന്യായപ്രമാണത്തിൽ ആഴമായ അറിവുള്ള വനാണ് ന്യായശാസ്ത്രി. ദൈവവചനത്തിൽ പരി ജ്ഞാനമുള്ളവർ ദൈവത്തെ പരിജ്ഞാനത്തിൽ ആരാധിക്കുവാൻ അവൻ ആഗ്രഹിക്കുന്നു.

**a പൂർണ്ണഹൃദയത്തോടെ**

ദൈവത്തെ പൂർണ്ണഹൃദയത്തോടെയാണ് ഒരു വൻ ആരാധിക്കേണ്ടത്. പൂർണ്ണഹൃദയം എന്നതിനു വിപുലമായ അർത്ഥം ഉണ്ട്. ഒരു വ്യക്തിക്ക് പകു തിമനസ്സോടെ ദൈവത്തെ ആരാധിക്കാൻ

സാധിക്കും. ഹൃദയത്തിൽ അകൃത്യം കരുതിക്കൊണ്ട് ആരാധിക്കാം. ഹൃദയത്തിന്റെ എല്ലാ അറകളും ദൈവത്തിനായി തുറന്നു കൊടുക്കാതെയും ആരാധിക്കാം. അങ്ങനെയുള്ള ആരാധനകളൊന്നും പൂർണ്ണഹൃദയത്തോടുകൂടെയുള്ള ആരാധനയല്ല. ആരാധന മറ്റുള്ളവരുടെ പ്രേരണയാൽ ഉണ്ടാകേണ്ട ഒന്നല്ല. നമ്മെ രക്ഷിച്ചവനും സൃഷ്ടിച്ചവനും വീണ്ടെടുത്തവനുമെന്ന നിലയിൽ നന്ദിയാൽ ഹൃദയത്തിന്റെ എല്ലാ അറകളും ഒന്നുപോലെ നിറഞ്ഞു കവിയുമ്പോഴാണ് ആ ആരാധന സ്തുതിസ്തോത്രങ്ങളാൽ പുറത്തു വരുന്നത്. അങ്ങനെ പൂർണ്ണഹൃദയത്തോടുകൂടെയുള്ള ആരാധന സ്വർഗ്ഗം അംഗീകരിക്കുന്നു.

**b പൂർണ്ണ ആത്മാവോടെ**

മനുഷ്യശരീരത്തിൽ ദൈവബോധത്തിന്റെ ഇരിപ്പിടമാണ് ആത്മാവ്. ആത്മാവ് എപ്പോഴും മനുഷ്യനെ ദൈവീക ചിന്തകൾ ഉണർത്തിക്കാൻ സഹായിച്ചുകൊണ്ടിരിക്കുന്നു. അതുകൊണ്ടാണ്, ആത്മാവ് ഒരുക്കമുള്ളത് ജഡമോ ബലഹീനം എന്നു കർത്താവ് പറഞ്ഞത്. ആത്മാവിന് ശരിക്കും പൂർണ്ണമായ നിലയിൽ ദൈവത്തെ ആരാധിക്കത്തക്ക നിലയിൽ എത്തണമെങ്കിൽ ദേഹവും ദേഹിയും ആത്മാവിനൊപ്പം ഒരേ നിലയിൽ വരണം. അപ്പോൾ മാത്രമേ പൂർണ്ണ ആത്മാവോടു ദൈവത്തെ ആരാധിക്കാൻ സാധിക്കയുള്ളൂ. ആരാധനയിൽ നമ്മിൽ വസിക്കുന്ന ദൈവത്തിന്റെ പരിശുദ്ധാത്മാവു പൂർണ്ണ ആത്മാവിൽ ആരാധിക്കാൻ നമ്മെ സഹായിക്കുന്നു.

**c പൂർണ്ണമനസ്സോടെ**

പൂർണ്ണഹൃദയവും പൂർണ്ണമനസ്സും ഏകദേശം ഒരു ആശയത്തെയാണ് ഉദ്ദേശിക്കുന്നത്. മനസ്സ് ദേഹിയെ കാണിക്കുന്നു. ആരാധനയിൽ ദേഹിക്കും വലിയ പങ്കുണ്ട്. മനുഷ്യന്റെ പാപത്തിന്റെ എല്ലാ കാഠിന്യവും നിറഞ്ഞു നിൽക്കുന്നത് ദേഹിയിലാണ്. ദേഹിയുടെ രക്ഷ ഇന്നു നടന്നുകൊണ്ടിരിക്കയാണ്. ദേഹിയെ അനുദിനം ശരിക്കും നിയന്ത്രിച്ചെങ്കിൽ മാത്രമേ ആത്മാവുമായി പൊരുത്തപ്പെട്ടു പോകാൻ സാധിക്കൂ. ആരാധനയിൽ പൂർണ്ണമനസ്സോടെ ദൈവത്തെ ആരാധിക്കണമെങ്കിൽ മനസ്സും ഹൃദയവും ഏകാഗ്രമായിരിക്കണം. പൂർണ്ണമനസ്സോടെ ദൈവത്തെ ആരാധിക്കാനാണ് ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നത്.

**d പൂർണ്ണശക്തിയോടെ**

പൂർണ്ണശക്തി എന്നതു ജഡത്തെ കാണിക്കുന്നു. ആരാധനയിൽ ജഡത്തിനും വളരെ പ്രാധാന്യമുണ്ട്. ദേഹം പഞ്ചേന്ദ്രിയങ്ങളുടെ ഇരിപ്പിടമാണ്. പഞ്ചേന്ദ്രിയങ്ങളിലൂടെ പുറമേയുള്ള കാര്യങ്ങൾ നമ്മുടെ തലച്ചോറിലെത്തി ദേഹിയിലും ആത്മാവിലും വ്യാപരിക്കുന്നു. ദേഹിയും ആത്മാവും ഏകോപിച്ചാലും ദേഹം അവയോടും ഏകോപിച്ചില്ലെങ്കിൽ പൂർണ്ണശക്തിയോടെ ആരാധിക്കാൻ സാധിക്കയില്ല. അതിനാൽ ആരാധനയിൽ അന്യചിന്തകൾ ശരീരത്തിലൂടെ കടക്കാതെ ദൈവത്തിലുള്ള ഏകാഗ്രതയോടിരിക്കണം.

ദേഹവും ദേഹിയും ആത്മാവും ഒത്തുചേർന്നു ഏകാഗ്രതയോടെ ദൈവത്തെ ആരാധിക്കുന്നതിനെയാണ്; ബുദ്ധിയുള്ള ആരാധന എന്നു പറഞ്ഞിരിക്കുന്നത് (റോമർ 12:1–2). ബുദ്ധിയുള്ള ആരാധന കഴിക്കണമെങ്കിൽ നമ്മുടെ ശരീരത്തെ മുഴുവനായി യാഗമായി സമർപ്പിച്ച് ആരാധിച്ചാൽ ആരാധനയുടെ ഇടയിലെ യാതൊരു അലക്ഷ്യതയും നമ്മെ ബാധിക്കാതെയിരിക്കും. അതാണ് പൂർണ്ണ ആത്മാവോടും പൂർണ്ണമനസ്സോടും പൂർണ്ണശക്തിയോടും കൂടിയുള്ള ആരാധന.

**7 ആത്മാവിലും സത്യത്തിലും ആരാധിക്കണം**

നേരത്തെ പറഞ്ഞ എല്ലാനിലയിലും ഒരുക്കപ്പെട്ടാലും ആത്മാവിലും സത്യത്തിലുമാണ് ആരാധിക്കേണ്ടത്. ദൈവം ആത്മാവാകുന്നു. ദൈവത്തെ ആരാധിക്കുന്ന ആരാധന ആത്മീയമായതാണ്. ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ സഹായത്താൽ സത്യമാകുന്ന കർത്താവായ യേശുക്രിസ്തുവിൽക്കൂടി സർവ്വശക്തനായ ദൈവത്തെ ആരാധിക്കണം. നമ്മുടെ ദേഹം ദേഹി ആത്മാവ് ഇവ സമ്പൂർണ്ണമായി സമർപ്പിച്ചുകൊണ്ടുള്ള ആരാധനയാണ് ദൈവം നമ്മിൽ നിന്നും പ്രതീക്ഷിക്കുന്നത്. ●

---

**ജബൽപ്പൂർ :** സുവി. ദാനിയേൽ തോമസ് അറിയിക്കുന്നത്, കഴിഞ്ഞ ദീർഘവർഷങ്ങൾ ഞങ്ങൾ കുടുംബമായി ഗുജറാത്തിൽ ഭാവ്നഗറിൽ കർത്താവിന്റെ വേലയിലായിരുന്നു. താമസത്തിനും ആത്മീയ കൂടിവരവിനുമായി ഒരു ഭവനം വാടകയ്ക്ക് ലഭിക്കാത്തത് ഞങ്ങളെ വളരെ വിഷമത്തിലാക്കി. കഴിഞ്ഞ എട്ടര വർഷത്തോളം ഞങ്ങൾ താമസിച്ചിരുന്ന ഭവനം ഒഴിഞ്ഞു കൊടുക്കേണ്ട അവസാന നിമിഷവും പിന്നിട്ടപ്പോൾ “ഇനിയും എങ്ങനെ” എന്ന ചോദ്യം മാത്രം ഞങ്ങളുടെ മുമ്പിൽ അവശേഷിച്ചു. ദൈവഹിതം ആരായുന്നതിനായി വളരെ നാളുകൾ ഞങ്ങൾ പ്രാർത്ഥനയിൽ തുടർന്നു. കർത്താവ് നൽകിയ പ്രേരണയനുസരിച്ച് ഇവിടെയുണ്ടായിരുന്ന വിശ്വാസികളെ ആത്മീയ കൂട്ടായ്മകൾക്കായി അടുത്തുള്ള വേർപെട്ട സഭയുമായി ബന്ധപ്പെടുത്തിയ ശേഷം ഞങ്ങൾ 2010 മാർച്ചിൽ ഗുജറാത്തിൽ നിന്നും ജബൽപ്പൂരിലേക്ക് കർത്തൃവേലയോടുള്ള ബന്ധത്തിൽ താമസം മാറ്റിയിരിക്കുന്നു. പുതിയ വിലാസം Daniel Thomas, (Evg.), Flat No. 15, Airawat Complex, Hathital Colony, Jabalpur - 482 001, M.P., Ph:+91 761 2421998.

# അപ്പൊ. പ്രവൃത്തികളുടെ പുസ്തകത്തിൽ വെളിപ്പെടുത്തിയ യേശുക്രിസ്തു : ഒരു പഠനം -4

ഡോ. ജോസഫ് എം.പി., തിരൂരങ്ങാടി

**അപ്പൊ.പ്രവൃ. പുസ്തകത്തിലെ സ്നാനവാക്യരൂപത്തിൽ നിന്നും ഒരു ഉപദേശം സ്ഥാപിക്കുവാൻ കഴിയുമോ?**

പ്രവൃത്തികളുടെ പുസ്തകത്തിലെ യേശുകർത്താവിന്റെ നാമത്തിലുള്ള സ്നാനം എന്ന പ്രയോഗം, തിരുവെഴുത്തിന്റെ മൊത്തമായ വെളിപ്പാടിൽനിന്ന് അന്യമായി വ്യാഖ്യാനിക്കുമ്പോൾ, വേദപുസ്തകം തന്നെ വെറും തെറ്റുകളുടെ പുസ്തകം ആയിത്തീരുന്നത് ശ്രദ്ധിക്കുക. കൂടാതെ ഈ വ്യാഖ്യാനം തിരുവെഴുത്തിന്റെ പ്രഥമവും പ്രധാനവുമായ ദൈവവെളിപ്പാടിന് എതിരായി ഉയർന്നുവരുന്ന ദുരുപദേശത്തിന്റെ അടിത്തറയായി മാറുന്നത് ശ്രദ്ധിക്കുക.

2 തിമൊ.3:16,2 പത്രൊസ് 1:20,21 പ്രകാരം തിരുവെഴുത്തിലെ എല്ലാ വാക്കുകളും ദൈവനിശ്വാസീയം എന്നും അത് തെറ്റില്ലാത്തതും, അതിനോട് ആരും ഒന്നും കൂട്ടിച്ചേർക്കുകയോ, തിരുത്തുകയോ ചെയ്തിട്ടില്ല എന്നും വെളി. 22:18,19, ആവ. 4.1-4, സദൃ.30.6, മത്തായി.5.18, 24,35. ലൂക്കൊസ് 16.17. എന്നീ വചനങ്ങളിൽ സംശയലേശമെന്യേ രേഖപ്പെടുത്തിയിരിക്കുന്നു. ഈ തിരുവെഴുത്ത് വള്ളി പുള്ളി വിടാതെ സകലവും നിറവേറുവാൻ നിശ്ചയിക്കപ്പെട്ട് സ്വർഗ്ഗത്തിൽ സ്ഥിരമാക്കിയ വചനം എന്ന അടിസ്ഥാനം നാം തള്ളുന്നവർ ആകരുത്. ആകെ 2 പ്രാവശ്യം വീതം,2 വ്യത്യസ്ത സ്നാന വാക്യങ്ങൾ, പ്രവൃത്തികളുടെ പുസ്തകത്തിൽ കൊടുത്തു. എന്നാൽ ഒരിക്കൽ പോലും ലേഖനങ്ങളിൽ തുടർപരാമർശമായി ഇത് ചേർത്തിട്ടില്ല.

ഇതിൽ നിന്നും നാം മനസിലാക്കേണ്ടത്. തിരുവെഴുത്തിന്റെ വെളിപ്പാടുകളുടെ അടിസ്ഥാനത്തിൽ അപ്പൊസ്തലന്മാർ ക്രൈസ്തവസഭയിൽ നിർവ്വഹിച്ച സ്നാനം യേശുക്രിസ്തുവിന്റെ കല്പന അടിസ്ഥാനമാക്കി മാത്രം ആയിരുന്നു അതല്ല എങ്കിൽ ആ ശിഷ്യന്മാർ ക്രിസ്തുകല്പനാലംഘികളും, അനുസരണം കെട്ടവരും, തങ്ങളുടെ നാഥനെ തള്ളിപ്പറയുന്നവരും എന്നേ വരൂ. അത് ഒരിക്കലും അല്ലായിരുന്നു. കാരണം ശിഷ്യനായ യോഹന്നാൻ ഒഴികെ എല്ലാ ശിഷ്യരും ഒരുപോലെ ക്രിസ്തു വിശ്വാസത്തിനുവേണ്ടി രക്തസാക്ഷികൾ ആയിതീർന്നു. എന്നാൽ ക്രിസ്തു കല്പനക്ക് തികച്ചും വിഭിന്നമായി ഒരു പ്രവൃത്തി ചെയ്ത ശിഷ്യരെ എന്തുകൊണ്ട് കള്ളന്മാർ എന്ന് ഈ നൂതന ആശയക്കാർ മുദ്രകുത്തുവാൻ തുനിഞ്ഞില്ല? പ്രവൃത്തികളുടെ പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ക്രിസ്തീയ സ്നാനം ക്രിസ്തുവിന്റെ കല്പനയുടെ സാക്ഷാത്കാരമായി നാം മനസിലാക്കേണം. ഈ പുസ്തകത്തിൽ യേശുകർത്താവിന്റെ നാമത്തിൽ, യേശു ക്രിസ്തുവിന്റെ നാമത്തിൽ എന്ന് ചേർത്തിട്ടുണ്ടെങ്കിൽ അത് അർത്ഥമാക്കുന്നതും, ക്രിസ്തുകല്പനക്ക് അനുസരണമായി പിതാവിന്റേയും, പുത്രന്റേയും, പരിശുദ്ധാത്മാവിന്റേയും നാമത്തിൽ സ്നാനപ്പെടുത്തി എന്നു തന്നെയാകുന്നു. അത് യേശുക്രിസ്തുവിനോട് ഞാൻ ചേർന്നിരിക്കുന്നു എന്ന ഒരുവന്റെ വിശ്വാസത്തിന്റെ പരസ്യമായ പ്രഖ്യാപനം ആകുന്നു.

പ്രവൃത്തികളുടെ പുസ്തകത്തിലെ 2 വിധ സ്നാന വാക്യങ്ങൾ മാത്രം അടിസ്ഥാനപ്പെടുത്തി. അഥവാ മറ്റു തുടർ റഫറൻസുകളുടെ അഭാവത്തിൽ തിരുവെഴുത്തിലെ സമ്പൂർണ്ണവെളിപ്പാടിന്റെ മകുടമായ ത്രിയേക ദൈവം എന്ന സത്യത്തെ നിഷേധിക്കുവാൻ വ്യഗ്രത കാണിക്കുന്നത് നാം ശ്രദ്ധിക്കേണ്ടതാകുന്നു. ഈ സ്നാന വാക്യങ്ങളിൽനിന്നും ഒരു ഉപദേശം സ്ഥാപിക്കുവാൻ കഴിയുകയില്ല എന്ന് നിക്ഷ്പക്ഷമതിയായ പഠിതാവിന് സുനിശ്ചിതമായി പറയുവാൻ കഴിയും. സ്നാന വാക്യങ്ങളിൽ നിന്നും ത്രിയേകദൈവ നിഷേധം പ്രചരിപ്പിക്കുന്നവർ, തിരുവെഴുത്തിലെ സത്യങ്ങൾക്ക് തികച്ചും അന്യമായ ഒരു ക്രിസ്തുവിനെ അവതരിപ്പിക്കുന്നു.

**ഉപസംഹാരം**

ക്രിസ്തുസഭയുടെ രണ്ടാം നൂറ്റാണ്ടിൽ ചില വ്യക്തികൾ പ്രചരിപ്പിച്ച മേൽവിവരിച്ച ന്യൂനത ഉൾക്കൊള്ളുന്ന ഉപദേശ പിശക് സഭാപിതാക്കന്മാർ തിരിച്ചറിഞ്ഞു. അവരെ Monarchians എന്ന് അവരുടെ ചിന്താഗതിയുടെ അടിസ്ഥാനത്തിൽ പേർ വിളിച്ചു. ക്രമേണ് 2 കൂട്ടം Monarchians ഉരുത്തിരിഞ്ഞു. ഒന്ന് Dynamic Monarchians രണ്ടാമത് Modalistic Monarchians ഇവരെ ഏ.ഡി.268ലെ അന്ത്യോക്യൻ സിനഡിൽ ക്രിസ്തുസഭ പാഷണ്ഡരായി വിലക്കി. കാരണം തിരുവെഴുത്തുകളുടെ വെളിപ്പാടുകൾക്ക് തികച്ചും അന്യമായ ഒരു ക്രിസ്തുവിനെ ആകുന്നു അവർ അവതരിപ്പിച്ചത്.

Monarchians ന് യേശുക്രിസ്തുവിന്റെ ദൈവത്വം മനുഷ്യത്വം, പുത്രത്വം, പിതാവാം ദൈവം എന്നീ തിരുവെഴുത്തിലെ വെളിപ്പാടുകളെക്കുറിച്ച് നിലക്കാത്ത സംശയങ്ങൾ മാത്രമായിരുന്നു കൈമുതൽ. കാരണം ഈ ചിന്തകൾ ഉടലെടുത്തത് GNOSTIC തത്വങ്ങൾക്ക് അടിസ്ഥാനപ്പെടുത്തിയാണ് ഇതിൽ ദൈവത്തിന് തിന്മയുടെ സത്തയായ

# ആശ്ചര്യകരമായ വിശ്വാസം

ചിന്താസരണി

ഉമ്മൻ ജോർജ്ജ്, തിരുവനന്തപുരം

**പുറ. 2:2 "അവൾ ഗർഭം ധരിച്ച് ഒരു മകനെ പ്രസവിച്ചു. അവൻ സൗന്ദര്യം ഉള്ളവൻ എന്നു കണ്ടിട്ട് അവനെ 3 മാസം ഒളിച്ചു വെച്ചു"**

ഈ അദ്ധ്യായത്തിന്റെ ആരംഭത്തിൽ മോശെയെന്ന ചരിത്രപുരുഷന്റെ ജനനത്തെക്കുറിച്ചാണ് നാം വായിക്കുന്നത്. മോശെയുടെ മാതാപിതാക്കന്മാർ ലേവിഗോത്രത്തിൽപ്പെട്ടവരായിരുന്നു. ഗോത്രപിതാവായ യാക്കോബ് ശിമയോനോടൊപ്പം ലേവിയെയും ശപിക്കുന്നതായി ഉല്പത്തി 49-ാം അദ്ധ്യായത്തിൽ നാം കാണുന്നു. എന്നാൽ ആ ഗോത്രത്തിലൂടെ മഹാനായ മോശെ ജാതനായി. ഇതിൽ നിന്നും നമുക്ക് മനസ്സിലാക്കുവാൻ സാധിക്കുന്ന ഒരു സത്യം കുലമഹിമയോ പാരമ്പര്യമോ നോക്കാതെ ചില മനുഷ്യരെ ദൈവം ഉയർത്തി തനിക്കായി ഉപയോഗിക്കുന്നു. അതിന് അവശ്യം ആവശ്യമായത് സൗമ്യസ്വഭാവമാണ് (സംഖ്യ. 12:3). ആകയാൽ ദൈവജനമേ, ദൈവം നമ്മെ ഉയർത്തുവാനായി ദൈവകരങ്ങളിൽ നമുക്ക് നമ്മെത്തന്നെ താഴ്ത്താം.

ഒന്നാം വാക്യം ഓടിച്ചു വായിക്കുന്ന ഒരാൾക്ക് മോശെയുടെ പിതാവ് ഒരു സ്ത്രീയെ കണ്ട് അവളുമായി ബന്ധപ്പെട്ടപ്പോൾ ഉരുവായ മകനാണ് മോശെയെന്നു തോന്നാം. മോശെയുടെ മാതാപിതാക്കന്മാരായ അമ്രാമും യോഖേബേദും വിവാഹിതരും മോശെയ്ക്കു മുമ്പ് 2 മക്കളുടെ അമ്മയപ്പന്മാരുമായിരുന്നു എന്ന് സംഖ്യ 26:59 ൽ നിന്നും മനസ്സിലാക്കുവാൻ സാധിക്കും.

---

ജഡം ആയിത്തീരുവാൻ കഴിയുകയില്ല. ആ ചിന്തകൾ തിരുവെഴുത്തിലേക്ക് വായിച്ചു നോക്കുമ്പോൾ അതിൽനിന്നും ഉരുത്തിരിയുന്ന ക്രിസ്തു തിരുവെഴുത്തുകൾക്ക് അന്യനായിരിക്കും. ദൈവപുത്രനായ യേശുക്രിസ്തുവിനെക്കുറിച്ചുള്ള തിരുവെഴുത്തിലെ വെളിപ്പാടുകളെ നിഷേധിക്കുന്ന ഇതുപോലെ ഒരു പാഷണ്ഡത വെറെയില്ല. ഇക്കാരണത്താൽ ആദിമ നൂറ്റാണ്ടിൽതന്നെ തള്ളപ്പെട്ടവർ എങ്കിലും ഒളിഞ്ഞും തെളിഞ്ഞും ഇക്കൂട്ടർ പല അവസരങ്ങളിൽ ദൈവപുത്രനായ യേശുക്രിസ്തുവിനെക്കുറിച്ചുള്ള വികലമായ ഉപദേശവും ത്രിയേക ദൈവനിഷേധവുമായി രംഗത്തു വരുവാൻ ഇടയായിട്ടുണ്ട്.

Oneness theology യുടെ ഏതുതരം വക്താക്കളും ഈ വിഭാഗത്തിൽപ്പെടുന്നു. ഇവർ പലപേരുകളിലും അറിയപ്പെടുന്നുണ്ട്. UPCI, Jesus only, Father only, Unitarians കൂടാതെ Liberals ഇവരുടെ ആശയത്തിന്റെ modern ചിന്താഗതിക്കാരാകുന്നു. ഏതു നൂതന പേരുകളിൽ ഇവർ ആവിർഭവിച്ചാലും അതിന്റെ ഉത്ഭവം ആദിമപാഷണ്ഡചിന്തയായ Monarchianism ത്തിൽ നിന്നുതന്നെയാകുന്നു. ഏ.ഡി.190ൽ സ്മുർന്നയിലെ നോയിറ്റസ് ആയിരുന്നു അറിയപ്പെട്ട ആദ്യത്തെ Modalistic Monarchians ചിന്താഗതിക്കാരൻ. ഇയാളെ പിന്തുടർന്ന് തിയോഡോട്ടസ്, പ്രാക്സിയാസ്, സെബല്ലിയോസ്, സമോസാറ്റായിലെ പോൾ എന്നിവർ വിവിധങ്ങൾ ആയി ഈ യൂണിറ്റേറിയൻ ആശയത്തെ കൊണ്ടുവരുവാൻ ശ്രമിച്ചവർ ആയിരുന്നു. ഇവരെ എല്ലാവരെയും ഈ ആശയത്തേയും ആദിമ ക്രിസ്തീയ സഭ തിരുവെഴുത്തിന്റെ വെളിച്ചത്തിൽ പാഷണ്ഡതയായി തിരിച്ചറിഞ്ഞ് പുറംതള്ളി.

യേശുകർത്താവ് ഇത്തരം വ്യക്തികളെക്കുറിച്ച് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. മത്താ.24.5,11,23-24. പുതിയനിയമ ലേഖനങ്ങളിലും തിരുവെഴുത്തുകൾക്ക് അന്യമായി ഉയരുന്ന ചിന്തകളെ ദുരുപദേശം എന്നും അത് പഠിപ്പിക്കുന്നവരെ ദുരുപദേഷ്ടാക്കൾ എന്നും വിശേഷിപ്പിച്ചു. (പ്രവൃ.20.30; 1തിമൊ.1.10;2. പത്രൊസ് 2:1. 1 യോഹ.4.1-3;2 യോഹ.7-11). ഇത്തരക്കാരെ തിരിച്ചറിയുവാൻ വചനത്തിൽ കല്പന ഉണ്ട്. കാലാകാലങ്ങളിൽ നൂതന പേരുകളിലും സമൂഹത്തിൽ നിലനിൽപ്പിനു സഹായകമായ യേശു എന്ന നാമം വേഷമായി സ്വീകരിച്ചും കയറിവരുന്ന ഈ ദുരുപദേശക്കാരെ യഥാർത്ഥ ക്രിസ്തുവിശ്വാസികൾ തിരിച്ചറിയേണ്ടിയിരിക്കുന്നു. ഇത്തരം വിപരീത ഉപദേശങ്ങൾക്കെതിരെ തിരുവെഴുത്തിൽ ജ്ഞാനം ഉള്ളവരും, നിതാന്ത ജാഗ്രത പുലർത്തുന്നവരും ആയിരിക്കുവാൻ നമുക്ക് ആവശ്യമുണ്ട്.

പ്രവൃത്തികളുടെ പുസ്തകത്തിൽ വെളിപ്പെടുത്തിയ യേശു, ക്രിസ്തു ആകുന്നു, കർത്താവ് ആകുന്നു, ദൈവപുത്രൻ ആകുന്നു, (പ്രവൃ.2:36; 8:37,9:5,20,22) അതിനാൽ യേശുക്രിസ്തു നിത്യനാകുന്നു, അവൻ സത്യദൈവവും നിത്യജീവനും ആകുന്നു (1യോഹ.5.20). ദൈവപുത്രനായ ക്രിസ്തു ആരാകുന്നു എന്ന ഒറ്റചോദ്യത്തിന്റെ ഉത്തരത്തിൽ നിന്നും യേശുക്രിസ്തുവിനെക്കുറിച്ച് തിരുവെഴുത്തിന്റെ വെളിപ്പാടുകൾക്ക് അന്യമായി ഉയരുന്ന സകല ദുരുപദേശങ്ങളെയും പൂർണ്ണമായി തിരിച്ചറിയുവാൻ കഴിയും. ●

എബ്രായർക്കു ജനിക്കുന്ന ആൺകുട്ടികളെ നദിയിൽ ഇട്ടുകളയണം എന്ന ക്രൂരമായ ഒരു കല്പന ഫറവോരാജാവ് പുറപ്പെടുവിച്ചതിനുശേഷമാണ് മോശെ ജനിച്ചത്. എന്നിരുന്നാലും ദൈവത്തിൽ വിശ്വസിച്ച് അമ്രാമും യോഖേബേദും കുഞ്ഞിനെ 3 മാസം അവരുടെ ഭവനത്തിൽ ഒളിപ്പിച്ചു വെച്ചു. പിന്നീടാണ് നദിയിൽ നിക്ഷേപിച്ചത്. അങ്ങനെ ഒരർത്ഥത്തിൽ അവർ രാജാവിന്റെ കല്പനയെ അനുസരിക്കുകയും ചെയ്തു. ശത്രുവിന്റെ കൊട്ടാരത്തിൽത്തന്നെ മോശെ വളരേണം എന്നു നിശ്ചയിച്ച ദൈവം അതിനു വഴിയൊരുക്കി. ദൈവജനമേ, നാം ദൈവത്തിൽ പൂർണ്ണമായി വിശ്വസിച്ചാൽ സകല പ്രതികൂലങ്ങളെയും അനുകൂലമായി മാറ്റുവാൻ കഴിവുള്ള ഒരു ദൈവമാണ് നമുക്കുള്ളത്. ആയതിനാൽ ധൈര്യമായി നമ്മുടെ വിശ്വാസജീവിതം നയിക്കാം.

ഭാവിയിൽ മിസ്രയീംരാജ്യം യഹോവയാൽ അനുഗ്രഹിക്കപ്പെടും എന്ന ഒരു സൂചന യെശ. 19-ാം അദ്ധ്യായത്തിൽ കാണുന്നു 430 സംവത്സരങ്ങൾ യിസ്രയേൽ ജനത്തെ പോഷിപ്പിച്ചതും മോശെയെ കൊട്ടാരത്തിൽ വളർത്തിയതും ആയിരിക്കാം അതിനു കാരണം. ദൈവം തന്റെ ഇടപാടുകളിൽ എന്നും നീതിമാനാണല്ലോ. മോശെ മുതിർന്നപ്പോൾ തന്റെ സഹോദരന്മാരുടെ അടുക്കൽച്ചെന്ന് അവരുടെ ഭാരമുള്ള വേല നോക്കിയെന്ന് 11-ാം വാക്യത്തിൽ പറയുന്നുണ്ട്. ഈ ഒരു കാര്യത്തിനുവേണ്ടി മോശെയ്ക്ക് വളരെ കാര്യങ്ങൾ ത്യജിക്കേണ്ടി വന്നു എന്ന് എബ്രായ ലേഖനകർത്താവ് പറയുന്നുണ്ട്. (എബ്രാ 11:24-26) ഫറവോന്റെ കൊട്ടാരത്തിൽ താല്ക്കാലികമായ വളരെ ഭോഗങ്ങൾ ഉണ്ടായിരുന്നു. ഫറവോന്റെ പുത്രിയുടെ മകനെന്ന നിലയിൽ രാജാവിന്റെ കാലശേഷം മോശെയ്ക്ക് അടുത്തരാജാവാകാമായിരുന്നു. ഇതെല്ലാം പാവപ്പെട്ടവരും നിരാലംബരുമായ ദൈവജനത്തിനുവേണ്ടി മോശെ ഉപേക്ഷിച്ചു. ഈ കാര്യത്തിൽ മോശെ നമുക്ക് ഒരുത്തമ മാതൃകയാണ്. തന്റെ ക്രൂശെടുത്ത് എന്നെ അനുഗമിക്കാത്തവന് എന്റെ ശിഷ്യനായിരിപ്പാൻ കഴിയുകയില്ല എന്ന് കർത്താവ് പറഞ്ഞു (ലൂക്കൊ. 14:27).

പിൻകാലത്ത് യിസ്രയേൽ ജനത്തെ പരിപാലിക്കുവാൻ ദൈവം നിയോഗിച്ച മോശെ ശണ്ഠയിടുന്ന 2 എബ്രായ പുരുഷന്മാരെ ഒന്നിപ്പിക്കുവാൻ ശ്രമിക്കുന്ന മനോഹരമായ ഒരു കാഴ്ച 13-ാം വാക്യത്തിൽ നാം കാണുന്നുണ്ട്. സ്ഥലം സഭകളിൽ പരിപാലനത്തിനായി കർത്താവ് ആക്കിവെച്ചിരിക്കുന്ന മൂപ്പന്മാർ, ശുശ്രൂഷകന്മാർ ആദിയായവർക്ക് ഇക്കാര്യത്തിൽ മോശെയെ മാതൃകയാക്കാം.

മിദ്യാനിലെ പുരോഹിതനായ യിത്രോയുടെ 7 പെൺമക്കളെക്കുറിച്ച് ഒരു വാക്കു പറയുവാൻ പ്രേരണയുണ്ട്. അവർ വളരെ ഉത്സാഹികളായിരുന്നു (2:16). ഇവർക്ക് ആങ്ങളമാർ ഇല്ലായിരുന്നു എന്നു വേണം അനുമാനിക്കുവാൻ. അപ്പന്റെ ആടുകൾക്ക് ആഴമുള്ള കിണറ്റിൽ നിന്നും വെള്ളംകോരിക്കൊടുക്കന്നത് ഈ പെൺകുട്ടികളായിരുന്നു. ഈ പ്രത്യേക സന്ദർഭത്തിൽ മോശെ അവരെ സഹായിച്ചെങ്കിലും (വാ.17) അപരിചിതനായ ഒരു മിസ്രയീമ്യ യുവാവിനോട് ചങ്ങാത്തം കൂടുവാൻ അവർ ആഗ്രഹിച്ചില്ല. അപ്പൻ നിർബന്ധിച്ചപ്പോൾ മാത്രമാണ് (വാ. 20) അവർ അതിന് തയ്യാറായത്. ഈ പെൺകുട്ടികൾ വിശ്വാസികളായ നമ്മുടെ യുവതികൾക്ക് ഒരു മാതൃകയായിരിക്കട്ടെ എന്ന് ആശിക്കുന്നു.

ചുരുക്കം ചില ആശയങ്ങൾക്കൂടെ ഈ അദ്ധ്യായത്തിൽ നിന്നും അവതരിപ്പിക്കുവാൻ പ്രേരണയുണ്ടെങ്കിലും സ്ഥലപരിമിതിമൂലം അമ്രാം, യോഖേബേദ് ദമ്പതികളുടെ ദൈവത്തിലുള്ള അചഞ്ചലമായ വിശ്വാസത്തെക്കുറിച്ച് മാത്രം ഒരു വാക്കു പറഞ്ഞു കൊണ്ട് വിരാമമിടുവാൻ ആഗ്രഹിക്കുന്നു. ഇന്നത്തെ പ്രസിഡന്റോ പ്രധാന മന്ത്രിയോ പോലെയല്ല, അക്കാലങ്ങളിലെ രാജാക്കന്മാർ. അവരുടെ കല്പനകളനുസരിച്ചില്ലെങ്കിൽ മരണം സുനിശ്ചിതമാണ്. (ഈ ബന്ധത്തിൽ ദാനിയേൽ പ്രവാചകന്റെ അനുഭവങ്ങൾകൂടെ വായിച്ചു നോക്കുക). എന്നിട്ടും മോശെയുടെ അമ്മയപ്പന്മാർ രാജകല്പനയെ ഭയന്നില്ല എന്ന് എബ്രായ ലേഖനകർത്താവ് പറയുന്നുണ്ട് (എബ്രാ. 11:23).

ഏതു പ്രതിസന്ധിയിൽ നിന്നും അബ്രഹാമിന്റെ ദൈവം അവരെ വിടുവിക്കും എന്ന ഉറച്ച വിശ്വാസം മൂലമാണ് രാജകല്പനയെ അവർ ഭയപ്പെടാതിരുന്നത്. ജീവിതത്തിലെ വിവിധങ്ങളായ സാഹചര്യങ്ങളുടെ മദ്ധ്യത്തിലും ഇത്തരത്തിലുള്ള ഉറച്ച വിശ്വാസം നമുക്കും ഉണ്ടാകുവാൻ ആഗ്രഹിക്കാം. പ്രാർത്ഥിക്കാം. തിരുനാമം വാഴ്ത്തപ്പെടുമാറാകട്ടെ. ●

## വിലാസമാറ്റം

പരപ്പ സഭയിലേക്കുള്ള എല്ലാ കത്തിടപാടുകളും അയയ്ക്കേണ്ട വിലാസം Raju C.M., Chathampuzhakal House, Parappa P.O. Kasargod 671533 എന്ന് സഭയ്ക്കുവേണ്ടി എം. ജി. വിൽസൺ (ഇവാ.), എൻ.എ. തോമസ്, റ്റി.ജെ.ജോസഫ്.

# പ്രായോഗിക ക്രിസ്തീയ ജീവിതം – 8

തോമസ് ഏബ്രഹാം, അറ്റ്ലാന്റാ

## നല്ല ഒലിവ് മരത്തോട് ഒട്ടിക്കപ്പെട്ട കാട്ടൊലിവ്

യഹൂദജനം വിശ്വാസത്തെ ഉപേക്ഷിച്ചു. തങ്ങളുടെ പ്രവൃത്തികളാൽ നീതിയെ പിൻതുടർന്നതിനാൽ അത് പ്രാപിച്ചില്ല. അവർക്ക് ക്രിസ്തുവിൽ വിശ്വസിപ്പാൻ കഴിയാതെ അവൻ അവർക്ക് തടങ്കൽ പാറയും ഇടർച്ചക്കല്ലുമായി ഭവിച്ചു. അങ്ങനെ അവർ ഇടറിപ്പോയി. ജാതികൾ തമ്മിൽ വ്യത്യാസമില്ലാതെ സകല ജാതികൾക്കും കർത്താവ് ഒരുവനെയുള്ളു."കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടും" എന്ന് തിരുവെഴുത്ത് മുൻകൂട്ടിപ്പറഞ്ഞിരിക്കുന്നു. (യോവേ.2:33). ആകയാൽ യേശുവിനെ കർത്താവ് എന്ന വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്നു ഹൃദയംകൊണ്ട് വിശ്വസിക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടുന്നു.

എന്നാൽ അവിശ്വസിച്ച യഹൂദൻ ഇടറിപ്പോയി. അവൻ ഒടിഞ്ഞുപോയി. നല്ല ഒലിവു വൃക്ഷത്തിന്റെ ഒടിഞ്ഞുപോയ ആ കൊമ്പിന്റെ സ്ഥാനത്തു കാട്ടൊലിവായിരുന്ന എന്നേയും നിങ്ങളേയും ഒട്ടിച്ചു. എന്തിനാണ് ഈ വിധം ചെയ്തത്? നല്ല ഒലിവിന്റെ ഫലപ്രദമായവേരിന് പങ്കാളിയായി തീർന്നിട്ട് നല്ല ഫലം പുറപ്പെടുവിപ്പാൻ വേണ്ടിയത്രെ. കൂടുതൽ ഫലം ഉണ്ടാകണ്ടേതിന്നു ഇപ്രകാരം ഒട്ടുമരങ്ങൾ വച്ചു പിടിപ്പാക്കാറുണ്ട്. അതിൽ ചിലതാണ് റബ്ബർ, മാവ്, മുതലായവ. അതു ചെയ്യുന്ന വിധം അധികം ഫലം നൽകാത്ത വൃക്ഷതൈ മുകളിൽ നിന്നു മുറിച്ചു മാറ്റിയശേഷം ആ സ്ഥാനത്തു നല്ലവൃക്ഷത്തിന്റെ കൊമ്പ് ഒട്ടിക്കുകയാണ് ചെയ്യുന്നത്. അതായത് കാട്ടുമരത്തിന്റെ കൊമ്പ് ഒടിച്ചിട്ട് നല്ല മരത്തിന്റെ കൊമ്പ് അതിനുപകരം ഒട്ടിച്ചു ചേർക്കുന്നു. എന്നാൽ ഇതിനു വിപരീതമായിട്ടാണ്, നല്ലമരത്തിന്റെ കൊമ്പ് ഒടിച്ചുകളഞ്ഞിട്ട് കാട്ടുമരത്തിന്റെ കൊമ്പ് നല്ലമരത്തോട് ഒട്ടിക്കുന്നത്. ഇങ്ങനെ ആരും ചെയ്യാറില്ല. എന്നാൽ ഇത് കാട്ടുമരത്തോട് കാണിച്ച ഇഷ്ടമാണ് എന്ന് മനസ്സിലാക്കണം. ഇങ്ങനെയാണ് നമ്മോടും കാണിച്ചിരിക്കുന്ന കൃപ. ഫലമില്ലാതെ കാട്ടുമരമായിരുന്ന നമ്മെ നല്ല മരത്തോട് ചേർത്ത് ഒട്ടിച്ച് നമ്മോട് കൃപ കാണിച്ചിരിക്കയാണ് അതിനാൽ നാം അധികം ഫലം കായിച്ച് യജമാനനു മഹത്വമുണ്ടാകുവാൻ ഇടവരുത്തണം.

ഒരുവൻ ക്രിസ്തുവിൽ ആയെങ്കിലെ അവനു ഫലം പുറപ്പെടുവിക്കുവാൻ കഴികയുള്ളു. ജീവനുണ്ടങ്കിലെ വളരുവാൻ സാധിക്കൂ. ജീവനില്ലാത്തവൻ നിഷ്ക്രിയനാണ്. രക്ഷിക്കപ്പെടുന്നതിനു മുമ്പുള്ള അവസ്ഥയാണിത്. ആകയാൽ അതിക്രമങ്ങളിലും പാപങ്ങളിലും മരിച്ചു കിടക്കുന്ന ഒരുവനിൽ ആത്മാവിന്റെ പ്രവൃത്തിയില്ല അവന്റെ പ്രവൃത്തികൾ ജഡത്തിന്റെ പ്രവൃത്തികളാണ്. അവൻ ചെയ്യുന്ന ഏതു പ്രവൃത്തിയും ദൈവസന്നിധിയിൽ കറപുരണ്ട തുണിപോലെയത്രെ. "ഞങ്ങൾ എല്ലാവരും അശുദ്ധനെപോലെ ആയിത്തീർന്നു. ഞങ്ങളുടെ നീതിപ്രവൃത്തികൾ ഒക്കേയും കറപുരണ്ട തുണിപോലെ"(യെശ.64:6) അശുദ്ധന്റെ മേൽ ചുറ്റിയിരിക്കുന്ന തുണിയിൽ പുരണ്ടിരിക്കുന്ന കറ എന്നത് : കുഷ്ഠരോഗിയുടെ വൃണത്തിൽ നിന്നും ബഹിർഗമിക്കുന്ന അശുദ്ധിയുള്ള കറയെ സംബന്ധിച്ചു പറഞ്ഞിരിക്കുന്നതാണ്. അവൻ ഏറ്റവും അശുദ്ധൻ ആകയാൽ പാളയത്തിനു പുറത്തു പോകണം. തന്റെ തലമൂടികൊണ്ട് അശുദ്ധൻ അശുദ്ധൻ എന്നു വിളിച്ചു പറഞ്ഞുകൊണ്ടിരിക്കണം. അവനെ കാണുന്നവൻ ദൂരെ മാറി ഒഴിഞ്ഞുപോകണം. ഹോ എത്രഭയങ്കരം പാപിയുടെ നീതിപ്രവൃത്തികൾ ദൈവസന്നിധിയിൽ എത്ര മാത്രം അശുദ്ധമായിരിക്കുന്നു. അതുകൊണ്ട് രക്ഷിക്കപ്പെടാത്തവൻ എത്രനല്ല പ്രവൃത്തികൾ ചെയ്താലും അത് ദൈവസന്നിധിയിൽ അശുദ്ധമായിരിക്കുന്നു. ആകയാൽ പ്രവൃത്തിക്കണമെങ്കിൽ മരിച്ച അവസ്ഥയിൽ നിന്നും ജീവനുണ്ടാകണം. നമ്മെ വീണ്ടും ജനിപ്പിച്ചിരിക്കുന്നത് ദൈവത്തിനു ഫലം കായ്പ്പനാണ്. നിത്യജീവന്റെ അവകാശികൾ ആക്കിയിരിക്കുന്നതു സൽപ്രവൃത്തികളിൽ ഉത്സാഹം ഉള്ളവരായിരിപ്പാനാണ് (തീത്തോസ് 3:8).

**വിശ്വാസി ക്രിസ്തുവിൽ വസിക്കണം.**

വീണ്ടും ജനിച്ചിരിക്കുന്ന ദൈവപൈതൽ തുടക്കത്തിൽ ആത്മീകമായി ശിശുവാണ്. അവൻ വീണ്ടും ജനിച്ചതു കെടുന്ന ബീജത്താലല്ല കെടാത്തതിനാൽ, ജീവനുള്ളതും നിലനില്ക്കുന്നതുമായ ദൈവവചനത്താൽ തന്നെ, വീണ്ടും ജനിച്ചിരിക്കുന്നു. ആകയാൽ സകല ദുഷ്ടതയും എല്ലാ ചതിവും വ്യാജഭാവവും അസൂയയും, എല്ലാ നുണയും നീക്കിക്കളഞ്ഞ് ഇപ്പോൾ ജനിച്ച ശിശുക്കളെപ്പോലെ രക്ഷക്കായി വളരുവാൻ വചനം എന്ന മായമില്ലാത്ത പാൽ കുടിപ്പാൻ വാഞ്ഛിക്കണം (1 പത്രൊസ്.2:1-3). വചനം ധ്യാനിച്ച് ഗ്രഹിക്കണം അപ്പോൾ ആത്മീക വളർച്ച ഉണ്ടാകും. വളർന്നിട്ടുവേണം ഫലം ഉണ്ടാകുവാൻ. ഫലം ഉണ്ടാകുന്നതു സംബന്ധിച്ച് ശിഷ്യന്മാരെ

# കപടവേലക്കാർ

പി.എ. ഏബ്രഹാം, മാലം

**ദൈ**വസൃഷ്ടി എത്ര അത്ഭുതം! എത്ര അതിശയകരം! അതിന്റെ വൈവിധ്യം എത്ര അവർണ്ണനീയം! സസ്യജാലങ്ങൾ തന്നെ 6 ലക്ഷത്തിലധികമാകും. 3000ത്തിലധികം പാമ്പിനങ്ങൾ 3 ലക്ഷത്തിലധികം കടൽജീവികൾ, പക്ഷിയിനങ്ങൾ 2 ലക്ഷത്തിലധികം. ഇതൊക്കെ സൃഷ്ടിച്ച ദൈവം എത്ര വലിയവൻ! എന്നാൽ സൃഷ്ടിയുടെ മണിമകുടമായ മനുഷ്യൻ മാത്രം ഒരിനം. സ്വന്ത സാദൃശ്യത്തിലും സ്വരൂപത്തിലും ദൈവം മനുഷ്യനെ സൃഷ്ടിച്ചു. എന്നാൽ വിവിധ സ്വഭാവത്തോടുകൂടിയ മനുഷ്യരെ കാണുവാൻ സാധിക്കും. അതും ദൈവസൃഷ്ടിയുടെ മഹത്വത്തെ വിളിച്ചറിയിക്കുന്നു. ഈ ലേഖനത്തിലെ പ്രതിപാദ്യ വിഷയം ദൈവത്തിന്റെ വയലിൽ കാണപ്പെടുന്ന വിവിധ തരം വേലക്കാരെപ്പറ്റിയാണ്. കർത്താവു പറഞ്ഞ ഉപമയിൽ വയലിൽ ഉടമസ്ഥൻ നല്ല വിത്തു വിതച്ചു, ദുഷ്ടൻ അതിനിടയിൽ കളയും വിതച്ചു. രണ്ടുംകൂടി വളർന്നു. അതുപോലെ കർത്താവ് തന്റെ ദാസന്മാരെ തന്റെ വയലിലേക്ക് പറഞ്ഞയച്ചു. സാത്താനും അവരുടെ മദ്ധ്യത്തിലേക്ക് തന്റെ ദാസന്മാരെ അയച്ചു. 2 കൂട്ടരും ഒരേ വയലിൽ പ്രവർത്തിക്കുന്നു. കർത്താവിന്റെ വയലിൽ കാണപ്പെടുന്ന ചില കപട വേലക്കാരെ നമുക്ക് പരിയപ്പെടാം.

**1. മരംചാടികൾ** – ഇന്ന് പെന്തക്കൊസ്തിൽ, നാളെ ബ്രദറിൽ, മറ്റന്നാൾ ബാപ്റ്റിസ്റ്റിൽ, അതിന്റെ പിറ്റേന്നാൾ ലോക്കൽ ചർച്ചിൽ. ഒരിടത്തും സ്ഥിരതയില്ല. സാക്ഷാൽ കുരങ്ങന്റെ സ്വഭാവം. ഒരു കമ്പിൽ ഇരിക്കുമ്പോൾ മറ്റേ കമ്പിലെ പഴങ്ങൾ കൂടുതൽ ആകർഷണീയമായിത്തോന്നും. ആ കമ്പിൽ അള്ളിപ്പിടിച്ച് അതിലെ കുറെ പഴങ്ങൾ തിന്നും. പിന്നെ അടുത്തുള്ള മറ്റൊരു കമ്പിലേക്ക്. പെന്തക്കൊസ്തരുടെ ഉപദേശങ്ങൾ തെറ്റാണെന്ന് മനസ്സിലാക്കിയപ്പോൾ ബ്രദറിലേക്ക് വന്നു. ഇവിടെയാണ് സാക്ഷാൽ വചനാനുസരണമുള്ള പഠിപ്പിക്കൽ. വാചാലതയ്ക്കും ഒട്ടും കുറവില്ല. താമസിയാതെ ബന്ധപ്പെട്ട സഭയിലെ ഒരു കൂട്ടരെ അടർത്തി. അടുത്ത് മറ്റൊരു സഭയുണ്ടാക്കി. ഈ ദൈവദാസൻ സലാം പറയും! ഇക്കൂട്ടർക്ക് ഒരിക്കലും സത്യോപദേശം എന്തെന്ന് അറിവാൻ പാടില്ല. അതിനോട് പ്രതിബന്ധതയുമില്ല. ഇക്കൂട്ടരെ സൂക്ഷിക്കുക, ഒഴിവാക്കുക. (ശരിയായ നിലയിൽ വേർപെട്ടു വന്നവരുടെ കാര്യമല്ല ഇത്.)

**2. സ്ഥാനമോഹികൾ** – ഇത്തരക്കാർ ദൈവഭവനത്തിൽ വളരെയധികം പ്രശ്നങ്ങൾ ഉണ്ടാക്കുന്നവരാണ്. എവിടെച്ചെന്നാലും ഒന്നാംസ്ഥാനം ലഭിക്കണം. അതിനുള്ള യോഗ്യത കമ്മിയാണ് താനും. വലിയവരാകണമെന്നുള്ള ചിന്ത എല്ലാവർക്കുമുള്ളതാണ്. ശരിയായ മാർഗ്ഗത്തിൽ അത് നല്ലതുമാണ്. ക്രിസ്തുമാർഗ്ഗത്തിൽ മാത്രം വലിയവനാകാനുള്ള കുറുക്കുവഴികൾ ഒന്നുമില്ല. കർത്താവിന്റെ അപ്പൊസ്തലന്മാർക്ക് ഈ ചിന്തയുണ്ടായിരുന്നു. കർത്താവ് തന്റെ മരണത്തോടടുത്ത സമയം തന്റെ മരണത്തെക്കുറിച്ചും പുനരുത്ഥാനത്തെക്കുറിച്ചും വളരെ ഹൃദയവേദനയോടെ ശിഷ്യന്മാരോട് പറഞ്ഞ സമയത്ത് അവരുടെ ഇടയിൽ ഒരു കുശുകുശുപ്പ് "തങ്ങളിൽ ആരാണ് വലിയവൻ?" നോക്കണേ, പറ്റിയ സന്ദർഭം? നിങ്ങളിൽ വലിയവനാകുവാൻ ഇച്ഛിക്കുന്നവൻ നിങ്ങളുടെ ശുശ്രൂഷക്കാരനാകണം. മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല ശുശ്രൂഷിപ്പാനും അനേകർക്കുവേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുപ്പാനും തന്നെ" സ്വർഗ്ഗീയ ദൂതന്മാരുടെ ആരാധന സ്വീകരിച്ചിരുന്ന സാക്ഷാൽ മനുഷ്യനായിത്തീർന്ന അരയിൽ തോർത്തു ചുറ്റി "മനുഷ്യകൃമികളുടെ കാലുകളെ കഴുകിയ മാതൃക നാം പിൻപറ്റുമെങ്കിൽ നമുക്കും വലിയവരാകാം. ദൈവമുമ്പാകെ സാക്ഷാൽ വലിയവരായിത്തീരുന്നവർ ഇങ്ങനെയാണ് വലിയവരായത്. കുറുക്കുവഴികളിലൂടെയല്ല കേട്ടോ? സ്ഥാനമോഹികൾ യഥാർത്ഥ ദൈവസഭയ്ക്ക് അപമാന

---

പഠിപ്പിക്കേണ്ടതിനു കർത്താവു പറഞ്ഞത്. "ഞാൻ സാക്ഷാൽ മുന്തിരിവള്ളിയും എന്റെ പിതാവ് തോട്ടക്കാരനുമാകുന്നു" (യോഹ 15) ഞാൻ മുന്തിരിവള്ളിയും നിങ്ങൾ കൊമ്പുകളുമാകുന്നു. ക്രിസ്തുവിൽ അല്ലാത്ത കൊമ്പുകൾ എല്ലാം നീക്കികളയുന്നു. ക്രിസ്തുവിൽ വസിക്കാത്തവനെ ഒരു കൊമ്പുപൊലെ പുറത്തുകളഞ്ഞിട്ട് അവൻ ഉണങ്ങിപ്പോകുന്നു. ആ വക ചേർത്ത് തീയിലിട്ടു അവ വെന്തുപോകും. ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി; അവൻ ക്രിസ്തുവിൽ നിലനില്ക്കുന്ന കൊമ്പാണ്. അതിനാൽ അതു ഫലം കായിക്കും. ഒരാൾ ക്രിസ്തുവിലും ക്രിസ്തു അവനിലും വസിച്ചാൽ അവൻ വളരെ ഫലം കായിക്കും. കായിക്കുന്ന കൊമ്പുകൾ വളരെ ഫലം കായിക്കേണ്ടതിനു ചെത്തി ശുദ്ധിയുള്ളത് (വെടിപ്പുള്ളത്) ആക്കുന്നു. കർത്താവ് ശിഷ്യന്മാരോട് പറഞ്ഞ വചനം നിമിത്തം അവർ ശുദ്ധിയുള്ളവർ (വെടിപ്പുള്ളവർ) ആയിതീർന്നു. (തുടരും)

മാണ്, ഭാരമാണ്, മുള്ളാണ്. സ്ഥാനം നിലനിർത്താൻ അവർ ഏതടവും പ്രയോഗിക്കും. ആത്മീയർ അവരെ തിരിച്ചറിഞ്ഞ് അവരോട് വചനാനുസരണം ഇടപെടണം.

**3. പരസ്യപ്രിയർ** – ഇക്കാലത്ത് ഇക്കൂട്ടർക്ക് തഴച്ചു വളരുവാനുള്ള സാഹചര്യം ഒത്തിണങ്ങിയിട്ടുണ്ട്. 10 ഗ്രാം പ്രവർത്തിക്കും. ഒരു മെട്രിക് ടൺ പരസ്യപ്പെടുത്തും. ഇതെല്ലാം അതേപടി പരസ്യപ്പെടുത്തുവാൻ തയ്യാറുള്ള കുറെ പ്രസിദ്ധീകരണങ്ങളുമുണ്ട്. 1500 ലഘുലേഖകൾ വിതരണം ചെയ്തു. 150 സുവിശേഷ പ്രതികൾ വിറ്റു 100 ഭവനങ്ങൾ സന്ദർശിച്ചു. ക്യാമ്പുകളുടെയും ക്യാമ്പയിനുകളുടെയും വിശദമായ റിപ്പോർട്ട്, പ്രസംഗിച്ചവരുടെ പ്രാർത്ഥിച്ചവരുടെ, ആശിർവ്വാദം പറഞ്ഞവരുടെ, ഹാജരായിരുന്ന വി.ഐ.പി.കൾ എല്ലാവരുടെയും പേരുകൾ. അവസാനം പ്രാർത്ഥനയ്ക്കുള്ള ഒരാഹ്വാനവും. ഒരു കാലത്ത് ഈ പ്രസിദ്ധീകരണങ്ങളൊന്നും ഇല്ലാതെ ക്യാമ്പുകളും സുവിശേഷ പ്രവർത്തനങ്ങളും ധാരാളം നടത്തിയിട്ടുണ്ട്. പാപികൾ രക്ഷിക്കപ്പെട്ടിട്ടുണ്ട്. സഭകൾ രൂപീകൃതമായിട്ടുണ്ട്. 2000 അനാഥക്കുഞ്ഞുങ്ങളെ എടുത്ത് സംരക്ഷിച്ചിട്ടുള്ള ജോർജ്ജ് മുള്ളർ അതിന്റെ ആവശ്യത്തിലേക്ക് ഒരു അപ്പീലും അയച്ചിട്ടില്ലെന്നാണ് മനസ്സിലാക്കിയിട്ടുള്ളത്. ഇക്കാലത്ത് വലിയ പ്രസിദ്ധീകരണങ്ങൾ കൂടാതെ പ്രവർത്തിക്കുന്നവർ ഉണ്ടെന്നുള്ളത് മറക്കരുത്. "നിന്റെ വലംകൈ ചെയ്യുന്നത് എന്തെന്ന് ഇടംകൈ അറിയരുത്" എന്ന് കർത്താവു പറഞ്ഞ വാക്കുകൾ നാംമറക്കരുത്.

**4. ശ്രീമാൻ കള്ളപ്രവാചകൻ** – ഇക്കാലത്ത് പ്രവാചകന്മാർ ഉണ്ടോ? ഉണ്ടെന്നാണ് ചിലർ പറയുന്നത്. അപ്പൊസ്തലന്മാരും പ്രവാചകന്മാരും എന്ന അടിസ്ഥാനത്തിന്മേൽ പണിതിരിക്കുന്നു എന്ന് ദൈവവചനം പറയുന്നു. അടിസ്ഥാനം ഇളക്കുന്ന ചിലർ ഇക്കാലത്തുണ്ട്. കള്ളപ്രവാചകന്മാരും പ്രവാചകിമാരും ഇക്കാലത്ത് ധാരാളം എഴുന്നേറ്റിട്ടുണ്ട്. ഇത് അന്ത്യകാല ലക്ഷണങ്ങളിൽ ഒന്നുകൂടിയാണ്. ഇക്കൂട്ടർ ഏതു സഭകളിലാണ് വിലസുന്നതെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. ഇക്കാലത്ത് രോഗം വിശ്വാസികളിലും അവിശ്വാസികളിലും സർവ്വ സാധാരണമാണ്. ക്യാൻസർ തുടങ്ങിയ മാരകരോഗങ്ങളും ധാരാളം. ഇങ്ങനെ രോഗങ്ങൾ ഉള്ള വീടുകളിലാണ് സാധാരണ പ്രവാചകന്മാർക്ക് താവളം കിട്ടുന്നത്. ഒരു മാസത്തെ ഉപവാസം! പാസ്റ്റർക്ക് കുശാലായ ഭക്ഷണം. രോഗത്തിന് കാരണമായി ചില കുടുംബദോഷങ്ങളും പ്രവചിക്കും. കുടുംബത്തിന്റെ വരുമാനം അനുസരിച്ചുള്ള പണവും കവരും. ഭേദാഭേദങ്ങളെ തിരിച്ചറിയുവാൻ കർത്താവ് നമ്മെ സഹായിക്കട്ടെ. വിശ്വാസ ഭവനങ്ങളെ തകർക്കുന്ന ദൈവനാമത്തെ അപമാനിക്കുന്ന കള്ളപ്രവാചകന്മാരെ ഒഴിവാക്കുക. അവരുടെ കെണിയിൽപ്പെടാതെ സൂക്ഷിക്കുക.

**5 ഭൂതമിറക്കുവീരർ** – ഇങ്ങനെയൊരു കൂട്ടരുണ്ടോ? ആർക്കാണ് സംശയം? നിങ്ങളിക്കാലത്തല്ലേ ജീവിക്കുന്നത്. ഇക്കൂട്ടരിൽ സായിപ്പുമാരും മദാമ്മമാരുമുണ്ടോ? അയ്യോ, ഉണ്ടല്ലോ. അവരും ലോകമെങ്ങും ചുറ്റിസഞ്ചരിച്ച് ഈ പണി നടത്തുന്നു. കുടുംബത്തിൽ എന്തെങ്കിലും അനർത്ഥങ്ങളുണ്ടായാൽ അതെല്ലാം ഭൂതബാധയാണ്. അതിനു പ്രതിവിധി ശിക്ഷ, ശാസന, ഉപവാസം, ദാനധർമ്മം ഇങ്ങനെ മറ്റു പലതും. ആ വെളിച്ചത്തിൽ ദുർനടപ്പു നടത്തുന്നവരും ഉണ്ട്.

പ്രിയ ദൈവമക്കളേ, നാം അന്ത്യകാലത്തു ജീവിക്കുന്നു. കള്ളക്രിസ്തുക്കളും കള്ളപ്രവാചകന്മാരും ജഡികന്മാരും ദൈവമക്കളുടെ ഇടയിൽത്തന്നെയുണ്ട്. ഇതെല്ലാം നമ്മുടെ കർത്താവു തന്നെ പറഞ്ഞിട്ടുണ്ട്. നമുക്കു കരുതലുള്ളവരായിരിക്കാം. കർത്താവിനെ എതിരേല്പാൻ ഒരുങ്ങാം. ●

## മഹത്വത്തിൽ



**മണ്ണാരത്തറ :** പുന്നിട്ടേത്ത് പരേതനായ പി.റ്റി തോസിന്റെ ഭാര്യ മേരി തോമസ് (83) മെയ് 9 ന് കർത്താവിൽ നിദ്ര പ്രാപിച്ചു. പ്രിയ മാതാവിന്റെ ഭൗതീകശരീരം 14-5-10 ന് അനേക ദൈവമക്കളുടെ സാന്നിദ്ധ്യത്തിൽ മണ്ണാരത്തറ ബ്രദറൺ സഭയുടെ ചുമതലയിൽ ആ സഭാ സെമിത്തേരിയിൽ സംസ്ക്കരിച്ചു. മക്കൾ കുഞ്ഞുമോൾ, മോളി, ബേബിക്കുട്ടി, തങ്കച്ചൻ, ലിസ്സി. മരുമക്കൾ ഒ.വി. ജോസഫ് (പുല്ലാട്), പി.സി. ശാമുവേൽ (മുംബൈ), റോസമ്മ, ജെസ്സി, ജോസ് തോമസ് (സുവി. ഉത്തമപാളയം) ദുഃഖത്തിലിരിക്കുന്ന കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക. എന്ന് ഒ.വി. ജോസഫ്, പുല്ലാട്.

**ഓമല്ലൂർ :** ആദ്യകാല വിശ്വാസികളിൽ ഒരാളായിരുന്ന ആലപ്പാട്ട് മത്തായിച്ചന്റെ മകളും മുട്ടത്ത് സഹോ. കെ. ജോർജ്ജിന്റെ സഹധർമ്മിണിയുമായ അന്നമ്മ ജോർജ്ജ് (85) താൻ പ്രിയം വെച്ച കർത്തൃസന്നിധിയിൽ 30-3-10ന് ചേർക്കപ്പെട്ടു. ഉയിർപ്പിൻ പ്രഭാതത്തിൽ വീണ്ടും കാണാമെന്നുള്ള പ്രത്യാശയിൽ 3-4-10 ന് മഞ്ഞനിക്കര ബ്രദറൺ സഭാ സെമിത്തേരിയിൽ സംസ്ക്കരിച്ചു. ഗ്രേസി, ചാർളി (ദോഹ), മേരിക്കുട്ടി, സൂസമ്മ എന്നിവർ മക്കളും ഉമ്മൻ ജോർജ്ജ് (മണ്ണന്തല), ലീലാമ്മ (പുന്നല), കുര്യാക്കോസ് (അരീപ്പറമ്പ്), ജോൺതോമസ് (കുന്നിക്കോട്) എന്നിവർ മരുമക്കളുമാണ്. ദുഃഖത്തിലിരിക്കുന്നവരുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക. എന്ന് എ.കെ. തോമസ്.

സഹോദരിമാരോട്......

# ആശ്രയം

രത്നാ ജേക്കബ്, പുതുപ്പള്ളി

"മനുഷ്യനിൽ ആശ്രയിക്കുന്നതിനേക്കാൾ യഹോവയിൽ ആശ്രയിക്കുന്നത് നല്ലത്" (സങ്കീ. 118:8). നമ്മുടെ ആശ്രയം ആരിലാണ്. നമ്മുടെ വാഴ്ത്തപ്പെട്ട രക്ഷിതാവ് നമുക്ക് എല്ലാവിധ നന്മകളും നൽകി അനുഗ്രഹിക്കുന്നു. നാം നമുക്കു ലഭിക്കുന്നതായ ഈ അനുഗ്രഹങ്ങളെയല്ല, ഈ അനുഗ്രഹങ്ങൾ നമുക്ക് നൽകിത്തരുന്ന കർത്താവിനെത്തന്നെ സ്നേഹിക്കണം. ഈ യേശുകർത്താവ് നമ്മെ കരുതുവാൻ, കാക്കുവാൻ, പരിപാലിപ്പാൻ എന്നും മതിയായവൻ തന്നെ. നാം കർത്താവിന്റെ മുഖത്തേക്കാണോ നോക്കുന്നത്? നമ്മുടെ ദൃഷ്ടി എവിടെയാണ് പതിപ്പിച്ചിരിക്കുന്നത്? നമ്മുടെ രക്ഷകന്റെ പൊൻമുഖത്തുനിന്നും മാറി ചുറ്റുപാടും നോക്കിയാൽ നാം നിശ്ചയമായും തകർന്നുപോകും. നിരാശയുടെ അനുഭവം വരാം. കാരണം ഈ ലോകം നമുക്ക് അനുകൂലമല്ല.

എന്നാൽ നമ്മുടെ ദൈവം നമുക്ക് അനുകൂലമായിരിക്കുന്നു. സ്വന്തപുത്രനെ ആദരിയാതെ അവനെ നമ്മുടെ പാപങ്ങൾക്ക് പരിഹാരമായി, പ്രായ്ശ്ചിത്താർത്തമായി ആ കാൽവറിക്രൂശിൽ തകർത്തു കളയുവാൻ പ്രസാദിച്ചു, കഷ്ടാനുഭവങ്ങളാൽ അവനെ തികഞ്ഞവനാക്കിത്തീർത്ത കരുണാസമ്പന്നനായ ദൈവം അവനോടുകൂടെ സകലവും നമുക്ക് നൽകി അനുഗ്രഹിച്ചിരിക്കുന്നു.

മനുഷ്യനിലാശ്രയിച്ചാൽ തീർച്ചയായും നിരാശ വരും. എന്നാൽ യേശുകർത്താവിലാശ്രയിച്ചാൽ ഈ മരുഭൂമിയാത്രയിൽ ഏതു വൈഷമ്യം വന്നാലും നമുക്ക് നിരാശപ്പെടുവാൻ ആവശ്യമില്ല. കാരണം നാം വിശ്വസിച്ചാശ്രയിക്കുന്ന നമ്മുടെ ദൈവം അത്യുന്നതനാണ്, സർവ്വശക്തനാണ്.

തന്നിലാശ്രയിക്കുന്നവരെ അറിയുന്നവനാണ് നമ്മുടെ കർത്താവ്. നമ്മുടെ ആവശ്യങ്ങളെ സ്തോത്രത്തോടെ അവന്റെ സന്നിധിയിൽ അറിയിക്കുമ്പോൾ അവൻ നമ്മുടെ അപേക്ഷ കേൾക്കുന്നു എന്നുള്ളത് നമുക്ക് അവനിലുള്ള ധൈര്യമാകുന്നു. നാം എന്തപേക്ഷിച്ചാലും അവൻ നമ്മുടെ അപേക്ഷ കേൾക്കുന്നു എന്ന് അറിയുന്നു എങ്കിൽ അവനോട് കഴിച്ച അപേക്ഷ നമുക്ക് ലഭിച്ചു എന്നും അറിയുന്നു (1 യോഹ. 5:14,15).നാം അവനോട് അപേക്ഷിക്കുമ്പോൾ ഒക്കെയും അവൻ നമുക്ക് അടുത്തിരിക്കുന്ന ദൈവമാകുന്നു (സങ്കീ. 145:18, ആവ. 4:7)

യഹോവയിൽ ആശ്രയിക്കുന്നവർ കുലുങ്ങാതെ എന്നേക്കും നിൽക്കുന്ന സീയോൻ പർവ്വതം പോലെയാകുന്നു (സങ്കീ. 125:1). അവരുടെ ഹൃദയം യഹോവയിലാശ്രയിച്ച് ഉറച്ചിരിക്കും. ദുർവർത്തമാനം നിമിത്തം അവർ ഭയപ്പെടുകയില്ല. അവരുടെ ഹൃദയം ഭയപ്പെടാതെ സ്ഥിരമായിരിക്കുന്നു (സങ്കീ. 112:7,8). യഹോവയിലാശ്രയിക്കുകയും യഹോവ തന്നെ ആശ്രയമായിരിക്കുകയും ചെയ്യുന്ന മനുഷ്യൻ ഭാഗ്യവാൻ. അവൻ വെള്ളത്തിന്നരികെ നട്ടിരിക്കുന്നതും ആറ്ററികെ വേരൂന്നിയിരിക്കുന്നതുമായ വൃക്ഷം പോലെയാകും. ഉഷ്ണം തട്ടുമ്പോൾ അത് പേടിക്കയില്ല. അതിന്റെ ഇല പച്ചയായിരിക്കും. വരൾച്ചയുള്ള കാലത്തും വാട്ടം തട്ടാതെ ഫലം കായ്ച്ചുകൊണ്ടിരിക്കും (യിരെ. 17:7,8).

എല്ലാ കാലത്തും ആശ്രയം വെയ്ക്കുവാൻ മതിയായവനാണ് നമ്മുടെ ദൈവം (സങ്കീ. 62:8). നാം ചുറ്റുപാടും നോക്കിയാൽ കാറ്റും കോളും കണ്ട് പേടിക്കും. മുങ്ങിപ്പോകാൻ തുടങ്ങിയെന്നു വരും. എന്നാൽ രക്ഷകൻ നമ്മെ കൈവിടാതെ ധൈര്യപ്പെടുത്തി ഉറപ്പിക്കും. അവൻ നമുക്കായി കരുതുന്നു. അതുകൊണ്ട് നമ്മുടെ സകല ചിന്താകുലവും അവന്റെ മേൽ വയ്ക്കാം.

അവനിൽ ആശ്രയിച്ചിട്ടു അവങ്കൽ ഉള്ള വിശ്വാസത്താൽ എളിയവരായ നമുക്കും ഈ കൃപയിലേക്ക് പ്രവേശിക്കുവാനുള്ള ധൈര്യം ലഭിച്ചിരിക്കുന്നു. ദാവീദ് പറയുന്നു. "എന്റെ ശത്രുക്കൾ ഇടവിടാതെ എന്നെ വിഴുങ്ങുവാൻ ഭാവിക്കുന്നു. ഗർവ്വത്തോടെ എന്നോട് എതിർക്കുന്നവർ അനേകരല്ലോ. ഞാൻ ഭയപ്പെടുന്ന നാളിൽ നിന്നിൽ ആശ്രയിക്കും. ഞാൻ ദൈവത്തിൽ ആശ്രയിക്കുന്നു. ഞാൻ ഭയപ്പെടുകയില്ല. ജഡത്തിന് എന്നോട് എന്ത് ചെയ്വാൻ കഴിയും (സങ്കീ. 56:2-4).

നാം പ്രഭുക്കന്മാരിലും മനുഷ്യപുത്രനിലും ആശ്രയിച്ചാൽ അവർക്ക് നമ്മെ സഹായിപ്പാൻ കഴിയുകയില്ല (സങ്കീ. 146:3). എന്നാൽ നമ്മുടെ രക്ഷിതാവ് ചെങ്കടലിലും വഴി തുറപ്പാൻ എന്നും ശക്തൻ തന്നെ. അവന്റെ വിശുദ്ധനാമത്തിൽ നമുക്ക് ആശ്രയിച്ച് നന്മ ചെയ്യാം. നമ്മുടെ ഹൃദയം അവനിൽ സന്തോഷിക്കട്ടെ. ആ പൊൻമുഖത്തേയ്ക്കു നോക്കിയവർ ആരും ലജ്ജിച്ചു പോയിട്ടില്ലല്ലോ. നമുക്കും ആ രക്ഷകനെത്തന്നെ നോക്കാം. അവന്റെ സ്നേഹത്തിൽ ചാരാം. അവനെ രുചിച്ചറിയാം. ശരണപ്പെടാം, ആശ്രയിക്കാം. അവന്റെ പരിശുദ്ധനാമം വാഴ്ത്തപ്പെടുമാറാകട്ടെ. ●

## വിട്ടുപിരിഞ്ഞ് ക്രിസ്തുവിനോടുകൂടെ

# സഹോ. പോൾ തോമസിനെക്കുറിച്ച് ഒരു അനുസ്മരണം

"**നീ**തിമാന്റെ ഓർമ്മ അനുഗ്രഹിക്കപ്പെട്ടത്" (സദൃ.10:7) ദൈവനിയോഗത്താൽ കെ.ഇ.എം.ഫണ്ട് സെക്രട്ടറിയായി ദീർഘനാൾ സേവനമനുഷ്ഠിച്ച പോൾ തോമസ് എന്ന കർത്ത്യദാസനെപ്പറ്റി കെ.ഇ.എം.ഫണ്ടിനു വേണ്ടി ചില കാര്യങ്ങൾ രേഖപ്പെടുത്തുന്നു.

കെ.ഇ.എം.ഫണ്ടിന്റെ 7-ാമത്തെ സെക്രട്ടറിയായിരുന്ന സഹോ.പോൾ തോമസ് 1988ൽ ഏറ്റെടുത്ത് ഈ ചുമതല സുദീർഘമായ 22 വർഷങ്ങൾ കാര്യക്ഷമവും അതിപ്രശംസനീയവുമായ നിലയിൽ നിർവ്വഹിച്ചു. ഇത്രയും ദീർഘനാളുകൾ ആ ചുമതലയിൽ മറ്റൊരാൾ ഉണ്ടായിരുന്നിട്ടില്ല. 1943ൽ രൂപം കൊണ്ട കെ.ഇ.എം.ഫണ്ടിന്റെ 3-ാമത്തെ സെക്രട്ടറി തന്റെ പിതാവ് കെ.കെ. തോമസും 4-ാമത്തെ സെക്രട്ടറി തന്റെ സഹോദരീ ഭർത്താവ് സി.റ്റി.ജോർജ്ജും ആയിരുന്നു. സൗദി അറേബ്യയിലെ അൽക്കോബാറിൽ ജോലിയിലായിരിക്കുമ്പോൾ തന്നെ പോൾ തോമസ് കെ.ഇ.എം. ഫണ്ടിലെ ഒരു കമ്മറ്റി അംഗം ആയിരുന്നു.

കോട്ടയം വേളൂർ കൈതത്തുശ്ശേരിൽ റിട്ടയാർഡ് തഹസീൽദാർ ശ്രീ. കെ.കെ.തോമസിന്റെയും ശ്രീമതി മറിയാമ്മ തോമസിന്റെയും ഇളയമകനായി രാജൻകുഞ്ഞ് എന്ന പോൾ തോമസ് 1936 ഡിസം.24ൽ ജനിച്ചു. വിദ്യാഭ്യാസനന്തരം വിദേശത്തു ജോലിയിൽ പ്രവേശിച്ചു. 3വർഷത്തോളം ബഹറിനിലും തുടർന്ന് 20 വർഷങ്ങൾ സൗദിയിലും ജോലിയിൽ ആയിരുന്നു. തന്റെ പിതാവിനെപ്പോലെ പ്രാർത്ഥനാ മനുഷ്യനായിരുന്നു പോൾ തോമസ്. അൽക്കോബാറിൽ എത്തിച്ചേർന്നപ്പോൾ ആദ്യമായി ചെയ്തത് താൻ താമസിച്ചിരുന്ന ഹോട്ടൽ മുറിയിൽ മുട്ടുകുത്തി ദൈവത്തോട് അൽക്കോബാർ ബ്രദറൺ സഭയ്ക്കുവേണ്ടിയും, സൗദിക്കുവേണ്ടിയും അഭയയാചന കഴിക്കുകയായിരുന്നു എന്ന് അവിടെയുള്ള ഒരു സഹോദരൻ അനുസ്മരിക്കുന്നു. അക്കാലത്ത് അവിടെ എത്തിച്ചേർന്നിരുന്ന ബ്രദറൺകാർ ഭക്തസിംഗ് ഗ്രൂപ്പിനോട് ചേർന്ന് കൂടിവരികയായിരുന്നു. പോൾ തോമസ് അവരുമായ് ബന്ധപ്പെട്ട് അൽക്കോബാർ ബ്രദറൺ സഭയ്ക്ക് ആരംഭം കുറിക്കുകയും തന്റെ വാടക വീട് സഭാകൂടിവരവിനായി വേർതിരിക്കുകയും ചെയ്തു. 20 വർഷക്കാലം താൻ സഭയുടെ ശുശ്രൂഷകനും ഉപദേഷ്ടാവും പരിപാലകനുമായി സേവനം അനുഷ്ഠിച്ചു. മുഖം നിറയെ ചിരിയും മനം നിറയെ നന്മയുമായിരുന്നു പോൾ തോമസിന്റെ സ്ഥായീഭാവം. തന്റെ വ്യക്തി വിലാസം ആരെയും ആകർഷിക്കുന്നതായിരുന്നു. സൗദിയിൽ തന്റെ പ്രാർത്ഥനാ ഗ്രൂപ്പിലും കൂട്ടായ്മയിലും വിവിധ ക്രൈസ്തവ സഭകളിൽപെട്ടവരും പങ്കാളികളായിരുന്നു. നാട്ടിൽ നാളുകൾക്കു മുമ്പ് മടങ്ങിയെത്തിയ അനേകർ ആ ബന്ധത്തിൽ തന്റെ ശവസംസ്കാര ശുശ്രൂഷയ്ക്ക് കോട്ടയം കെ.പി.എസ്.മേനോൻ ഹോളിൽ സന്നിഹിതരായിരുന്നു എന്നതും പ്രസ്താവ്യമാണ്.

പോൾ തോമസ് 1963-ൽ വിവാഹിതനായി ഭാര്യ കുറിയന്നൂർ കുഴുവോമ്മണ്ണിൽ ഏബ്രഹാം ദമ്പതികളുടെ മകൾ കുഞ്ഞുമോൾ (വൽസമ്മ) ആയിരുന്നു. ആ ജീവിതസഖി 1984ൽ അൽക്കോബാറിൽ വച്ച് മഹത്വത്തിൽ ചേർക്കപ്പെട്ടു. 1986ൽ താൻ പുനർവിവാഹിതനായി. മേരിക്കുട്ടിയെയാണ് ജീവിത പങ്കാളിയായി ദൈവം കൂട്ടിച്ചേർത്തത്.

നാട്ടിൽ മടങ്ങിയെത്തിയ സഹോദരനെ കാത്തിരുന്നത് നിരവധി ഉത്തരവാദിത്വങ്ങൾ ആയിരുന്നു. അനുസരണയുള്ള കുതിരയുടെ മേൽ ആളുകൾ കൂടുതൽ കൂടുതൽ ഭാരം കയറ്റി വെയ്ക്കുമെന്നുള്ളത് സഹോ.പോൾ തോമസിനെ സംബന്ധിച്ച് സത്യമായിരുന്നു. കെ.ഇ.ഫണ്ട് സെക്രട്ടറിയുടെ ഭാരിച്ച ചുമതലകൾക്കു പുറമെ ബാലസംഘം വൈസ് പ്രസിഡന്റ്, റ്റി.എം.എം. ഹോസ്പിറ്റൽ ഭരണസമിതി അംഗം, വാഴൂർ ആശുപത്രി കമ്മറ്റി പ്രസിഡന്റ്, അങ്കമാലി ബഥേൽ ഇവാഞ്ചലിക്കൽ ട്രസ്റ്റ് സെക്രട്ടറി, ബ്രദറൺ ശതാബ്ദി കൺവീനർ തുടങ്ങി നിരവധി ചുമതലകൾ തന്നെ ഭരമേൽപിച്ചു. കൈവച്ച എല്ലാ രംഗങ്ങളിലും വ്യക്തിമുദ്ര പതിപ്പിച്ച് താൻ മികവും മിഴിവും പ്രകടമാക്കി.

സുവിശേഷകന്മാരുടെ മേഖലാ കോൺഫ്രൻസുകൾ, പോൾ തോമസ് രൂപം നൽകിയ പുതിയ സംവിധാനമായിരുന്നു. കേരളത്തിലെ സുവിശേഷകന്മാരുടെ ഒരു സംഗമം ആലുവായിലും മലബാറിലുള്ളവരുടെ കൂട്ടായ്മ തളിപ്പറമ്പിലും മഞ്ചേരിയിലും സംഘടിപ്പിച്ചു. ഉത്തര ഇൻഡ്യയിലെ സുവിശേഷകന്മാരുടെ ഒരു കോൺഫ്രൻസ് 1996 നവംബറിൽ അൽവറിലും, പാറ്റ്നായിലും 2009 നവംബറിൽ ഭോപ്പാലിലും ക്രമീകരിച്ചു. ഭോപ്പാൽ കോൺഫ്രൻസായിരുന്നു താൻ സാരഥ്യം വഹിച്ച സുവിശേഷകന്മാരുടെ ഒടുവിലത്തെ സംഗമം ഇവയെല്ലാം അങ്ങേയറ്റം വിജയകരവും സുവിശേഷകന്മാർക്ക് ഉത്തേജനവും ആയിരുന്നു എന്നതിന് രണ്ടു പക്ഷമില്ല. സഹോദരന് അതിവിപുലമായ

# ഫറവോന് ദൈവമാക്കിയവൻ

**പി.സി.കുര്യാക്കോസ് മുക്കൂട്ടുതറ**

***"യഹോവ മോശെയോടു ഞാൻ നിന്നെ ഫറവോനു ദൈവമാക്കിയിരിക്കുന്നു" (പുറ.7:1)***

പുറ 7-ാം അദ്ധ്യായം മുതൽ സമൂലമായ ഒരു വ്യതിയാനം നടക്കുന്നതായി കാണാം. ഇവിടം മുതൽ മോശെ അലസനോ ഭയപ്പെടുന്നവനോ ആയിട്ടല്ല കാണപ്പെടുന്നത്. ദൈവത്തിൽ നിന്നും പ്രത്യേക കല്പനയും ധൈര്യവും ലഭിച്ച ധീരനായ ഒരു സേനനായകനായിട്ടാണ് മോശെയെ കാണുന്നത്. എല്ലാരംഗങ്ങളിലും അവനിലൂടെ പരമാധികാരിയായ ദൈവം തന്റെ പ്രവൃത്തി നിവൃത്തിക്കുന്നു.

ഇവിടം മുതൽ സാത്താന്യ ശക്തിയുമായി ഒരു ഏറ്റുമുട്ടൽ വാക്കിലൂടെയല്ല പ്രവൃത്തിയിലൂടെ ദൈവം വെളിപ്പെടുത്തുന്നതായി കാണാം. സർവ്വശക്തനായ ദൈവം ക്രൂരനായ ഫറവനോടും മിസ്രയിമ്യരോടുമുള്ള ഒരു ഉഗ്രമായ പോരാട്ടം പരസ്യമായി നടത്തുന്നു. ചുരുക്കത്തിൽ പറഞ്ഞാൽ യിസ്രായേലിന്റെ മിസ്രയിമിൽ നിന്നുള്ള വിടുതൽ ചരിത്രത്തിലെ മറക്കാനാവാത്ത സംഭവമായിട്ടു മാത്രമല്ല പ്രത്യുത ദൈവം തന്റെ മക്കൾക്കുവേണ്ടി ചെയ്യുന്ന അതിമഹത്തായ പ്രവൃത്തിയായിട്ടാണ് കാണപ്പെടുന്നത്. ആരംഭത്തിൽ ശത്രുപ്രബലനായി തഴക്കുന്നു എങ്കിലും അവന്റെ അന്ത്യം ശോചനീയമായി കാണപ്പെടുന്നു. അവർ നില്ക്കുന്നത് വഴുവഴുപ്പിൽ ആണെന്നു അവർ അറിയുന്നില്ല. ഇവിടെ മോശെ ദൈവത്തിന്റെ പ്രതിനിധിയായി നിലകൊള്ളുമ്പോൾ ഫറവോൻ അല്പകാലത്തേക്കു സാത്താന്റെ പ്രതിനിധിയായി പ്രബലനായി നില്ക്കുന്നു. ഓരോ പ്രാവശ്യവും ദൈവം എഴുന്നേല്ക്കുമ്പോൾ ഫറവോന്റെ സിംഹാസനം ആടിഉലഞ്ഞുകൊണ്ടിരുന്നു. എന്നാൽ സർവ്വശക്തനായ ദൈവത്തിനു തന്നെ ത്താൻ കീഴ്പ്പെടുവാൻ ഫറവോൻ മനസ്സു വെയ്ക്കാത്തതുപോലെ ലോകരാഷ്ട്രങ്ങളും, നേതാക്കന്മാരും ജീവനുള്ള സത്യദൈവത്തിൽ നിന്നു അകന്നുപോകുന്നു. ഫറവോന്റെ മേലും, അവന്റെ സൈന്യത്തിന്മേലും ന്യായവിധി നടത്തിയ ദൈവം താമസംവിനാ തനിക്കു വിരോധമായി നില്ക്കുന്ന ജാതിയുടെ മേലും രാജ്യത്തിൻമേലും ന്യായവിധി നടത്തുവാൻ പോകുന്നു എന്നവർ ഇപ്പോൾ അറിയുന്നില്ല. പുറ.7:1-5വരെ യഹോവ മോശെയോട് പറയുന്നത് ശ്രദ്ധിക്കുക. ഞാൻ നിന്നെ ഫറവോനു ദൈവമാക്കിയിരിക്കുന്നു. നിന്റെ സഹോദരൻ അഹരോൻ നിനക്കു പ്രവാചകനായിരിക്കും, അഹരോൻ യിസ്രായേൽ മക്കളെ തന്റെ ദേശത്തു വിട്ടയപ്പാൻ ഫറവനോടു പറയേണം. എന്നാൽ ഞാൻ ഫറവോന്റെ ഹൃദയം കഠിനമാക്കും. ഞാൻ മിസ്രയീം ദേശത്ത് എന്റെ

---

സുഹൃദ് വലയവും വ്യക്തി ബന്ധങ്ങളും ഉണ്ടായിരുന്നു. താൻ നടത്തിയ അമേരിക്കൻ പര്യടനങ്ങൾ കെ.ഇ.ഫണ്ടിന് മുതൽ കൂട്ടായിരുന്നു. ഫണ്ടിന്റെ അതിർ വരമ്പുകൾ വിശാലമായി. വരവ് കോടികളിലേക്ക് ഉയർന്നു. ഫിക്സഡ് ഡിപ്പോസിറ്റ് വർദ്ധിച്ചു.തന്റെ ശ്വാസോച്ഛ്വാസം കെ.ഇ.ഫണ്ട് ആയിരുന്നു എന്ന് പറഞ്ഞാൽ അതിശയോക്തി അല്ല തന്നെ. താൻ വെല്ലൂരിലേക്ക് പോകുന്നതിന്റെ തലേ ദിവസം ഈ എഴുത്തുകാരനോട് ഒടുവിലായി സംസാരിച്ചതും കെ.ഇ.ഫണ്ടിന്റെ കാര്യം ആയിരുന്നു. അദ്ദേഹത്തിന്റെ യാത്രകളിലെല്ലാം ഭാര്യ മേരിക്കുട്ടി നിഴൽപോലെ പിൻപറ്റിയിരുന്നു.

സഹോദരന് ശാരീരിക ക്ലേശങ്ങളും വേണ്ടുവോളം ഉണ്ടായിരുന്നു. അതൊന്നും പുറത്തു പ്രകടിപ്പിക്കാതെ ഉള്ളിലൊതുക്കി ജോലിത്തിരക്കിൽ വ്യാപൃതനായി. താൻ ഒടുവിലായി സംബന്ധിച്ച കമ്മറ്റി മീറ്റിംഗ് 2010 ജനു 30-ാം തീയതിയിലേതായിരുന്നു. ഫണ്ടിന്റെ ആഡിറ്റിംഗ് റിപ്പോർട്ട് പ്രസിദ്ധീകരണം തുടങ്ങിയ അതിനിർണ്ണായക ഘട്ടത്തിലാണ് സഹോദരൻ നിത്യതയിൽ പ്രവേശിച്ചത്. ഓപ്പറേഷനെ തുടർന്ന് സങ്കീർണ്ണങ്ങളായ ആരോഗ്യ പ്രശ്നങ്ങളാൽ ഏപ്രിൽ 14-ാം തീയതി ബുധനാഴ്ച പുലർച്ചെ 4.15ന് അദ്ദേഹം നമ്മെ വിട്ടു പിരിഞ്ഞു. തന്റെ വിടുതലിനുവേണ്ടി ലോകമെങ്ങുമുള്ള ദൈവമക്കൾ നടത്തിയതുപോലുള്ള പ്രാർത്ഥന മറ്റാർക്കുവേണ്ടിയും ഉണ്ടായിട്ടുണ്ടോ എന്നറിഞ്ഞുകൂടാ. എങ്കിലും തന്നേക്കുറിച്ചുള്ള ദൈവഹിതം നിറവേറി. അവൻ പറിച്ചെടുക്കുന്നു. ആർ അവനെ തടുക്കും. നീ എന്തു ചെയ്യുന്നു എന്ന് ആർ ചോദിക്കും. തന്റെ കാര്യങ്ങളിൽ ഒന്നിനും അവൻ കാരണം പറയുന്നില്ലല്ലോ (ഇയ്യോബ് 33:13) ദൈവം തന്റെ ദാസന്മാരെ സംസ്കരിക്കുന്നു. തന്റെ വേല തുടരുന്നു. നീതിമാൻ എന്നേക്കും ഓർമ്മയിൽ ഇരിക്കും (സങ്കീ.112:6). കെ.ഇ.എം.ഫണ്ട് കമ്മറ്റിക്കുവേണ്ടി സഹോ. വി.കെ. മാത്യൂ. ●

അടയാളങ്ങളും അത്ഭുതങ്ങളും വെളിപ്പെടുത്തും. ഫറവോൻ നിങ്ങളുടെ വാക്കു കേൾക്കയില്ല. ഞാൻ മിസ്രയിമിൽ എന്റെ കൈവെച്ച് വലിയ ശിക്ഷാവിധിയാൽ എന്റെ ഗണങ്ങളെ വിടുവിക്കും. ഞാൻ യഹോവ എന്ന് മിസ്രയീമ്യർ അറിയും.

പുറ.6:30ൽ മോശെ ദൈവത്തോടു ഞാൻ വാഗ്വൈഭവമില്ലാത്തവൻ ഫറവോൻ എന്റെ വാക്ക് എങ്ങനെ കേൾക്കും? എന്നാൽ നിഗളിയായ ഫറവോന്റെ ദൈവമായി ബലഹീനനായ തന്റെ ദാസനെ ദൈവം ഉയർത്തുകയും അധികാരപ്പെടുത്തുകയും ചെയ്തു. ഫറവോന്റെ തെറ്റിനെ തിരുത്തുവാനും, മോശെയെ അവൻ ഭയപ്പെട്ടു അനുസരിപ്പാനും ഇതുമൂലം ഇടയാകുന്നു.

നിന്റെ സഹോദരൻ അഹരോൻ നിനക്കു പ്രവാചകനായിരിക്കും. നീ അവനോട് സംസാരിച്ച് അവനു വാക്കു പറഞ്ഞു കൊടുക്കേണം. ഞാൻ നിന്റെ വായോടും അവന്റെ വായോടും കൂടെയിരിക്കും. നിങ്ങൾ ചെയ്യേണ്ടുന്നത് ഉപദേശിച്ചുതരും (പുറ.4:15).

പുറ.7-ാം അദ്ധ്യായം മുതൽ മോശെ മറ്റൊരു മനുഷ്യനായി മാറുകയാണ്. ഫറവോൻ ലോക ആഡംബരംകൊണ്ടും, പദവികൊണ്ടും അധികാരി എങ്കിലും മോശെ രാജാധിരാജവായ സ്വർഗ്ഗീയ ദൈവത്താൽ അധികാരപ്പെടുത്തി ഫറവോനു ദൈവമാക്കിയപ്പോൾ ഫറവോൻ മോശെയുടെ മുമ്പിൽ എത്രയോ നിസ്സാരനാണ്. ഇവിടെ 3 കാര്യങ്ങൾ വ്യക്തമാക്കിയിരിക്കുന്നു. സിംഹാസനത്തിൽ ഇരിക്കുന്ന ഫറവോൻ അഹരോന്റെ വാക്കു അനുസരിക്കേണം. അഹരോൻ മോശെ പറയുന്ന വാക്കു അനുസരിക്കേണം.മോശെ ദൈവം കല്പിക്കുന്നതു അനുസരിക്കേണം എല്ലാറ്റിന്റെയും പരമാധികാരി ദൈവം തന്നെ.

പുറ.7:8-13 വരെയുള്ള ഭാഗം ശ്രദ്ധിക്കുക. യഹോവ മോശെയോടും, അഹരൊനോടും ഫറവോൻ നിങ്ങളോടു ഒരു അത്ഭുതം കാണിപ്പാൻ പറഞ്ഞാൽ നീ അഹരൊനോട് നിന്റെ വടി എടുത്തു നിലത്തിടുവാൻ പറയേണം. അതു സർപ്പമായിത്തീരും. അങ്ങനെ മോശെയും അഹരോനും ഫറവോന്റെ അടുക്കൽ ചെന്നു. അഹരോൻ തന്റെ വടി നിലത്തിട്ടു. അതു സർപ്പമായി തീർന്നു. മിസ്രയിമ്യ മന്ത്രവാദികളും ക്ഷുദ്രക്കാരും അവരുടെ വടി നിലത്തിട്ടു. അതും സർപ്പമായിതീർന്നു. എന്നാൽ അഹരോന്റെ വടി അവരുടെ വടികളെ വിഴുങ്ങിക്കളഞ്ഞു. ഫറവോന്റെ ഹൃദയമോ യഹോവ കല്പിച്ചതുപോലെ കഠിനപ്പെട്ടു. അവൻ അവരെ ശ്രദ്ധിച്ചില്ല. ഫറവോന്റെ മന്ത്രവാദികളുടെയും, ക്ഷുദ്രക്കാരുടേയും വടികൾ എങ്ങനെയാണ് സർപ്പങ്ങളായി തീർന്നത്. സാത്താന്യ ശക്തിയാൽതന്നെ അവൻ എത്രമാത്രം ശക്തിയുള്ളവൻ എന്നു നാം ഓർക്കേണം. എന്നാൽ അഹരോന്റെ വടി അവരുടെ വടികളെ വിഴുങ്ങി കളഞ്ഞതിനാൽ നമ്മുടെ ദൈവം അവരുടെ ദേവന്മാരെക്കാൾ ഉന്നതനും, അവരുടെ മേൽ ന്യായവിധി നടത്തുവാൻ അധികാരമുള്ളവനും, സകല ദേവന്മാരേക്കാളും ശ്രേഷ്ഠനുമാണ്. അവന്റെ മുമ്പിൽ ആർ നില്ക്കും?.

അഹരോന്റെ വടി മന്ത്രവാദികളുടെ വടികളെ വിഴുങ്ങികളഞ്ഞതിനാൽ ഫറവോന്റെ രാജകീയ ചിഹ്നമായ സർപ്പിത്തിന്മേലുള്ള ന്യായവിധി കുറിക്കപ്പെടുകയാണ് ചെയ്തത്. അത്യുന്നതനായ ദൈവത്തോടു ലോകത്തിലെ ഒരു രാജ്യത്തിനും, രാജാക്കന്മാർക്കും എതിർത്തു നില്ക്കുവാൻ കഴിയുന്നതല്ല.

നിഗളിയായ നെബൂഖദ്നേസ്സർ പറയുന്നത് ശ്രദ്ധിക്കുക. അത്യുന്നതനായ ദൈവം എങ്കൽ പ്രവൃത്തിച്ച അടയാളങ്ങളും അത്ഭുതങ്ങളും പ്രസിദ്ധമായി എനിക്കു തോന്നി. അവന്റെ അടയാളങ്ങൾ എത്ര വലിയവ, അവന്റെ അത്ഭുതമോ എത്ര ശ്രേഷ്ഠമേറിയവ. അവന്റെ രാജ്യവും ആധിപത്യവും തലമുറയായുള്ളതാകുന്നു (ദാനി.4:2,3).

ഇപ്പോൾ നെബുഖദ്നേസ്സർ എന്ന ഞാൻ സ്വർഗ്ഗസ്ഥനായ രാജാവിനെ സ്തുതിച്ചും പുകഴ്ത്തി ബഹുമാനിക്കുന്നു. അവന്റെ പ്രവൃത്തികൾ ഒക്കെയും സത്യവും അവന്റെ വഴികൾ ഒക്കെയും ന്യായവുമാകുന്നു. നിഗളിച്ചു നടക്കുന്നവരെ താഴ്ത്തുവാനും, അവൻ പ്രാപ്തനാകുന്നു (ദാനീ.4:37) അവന്റെ കൈ തടുപ്പാനോ നീ എന്തു ചെയ്തു എന്നു അവനോടു ചോദിപ്പാനോ ആർക്കു കഴിയും (4:35).

എല്ലാവരും തമ്മിൽ തമ്മിൽ കീഴടങ്ങി താഴ്മ ധരിച്ചുകൊൾവീൻ ദൈവം നിഗളികളോടു എതിർത്തു നില്ക്കും. താഴ്മയുള്ളവർക്കോ അവൻ കൃപ നല്കുന്നു (1 പത്രൊസ് 5:5).

അത്യുന്നതനായ ദൈവത്തിന്റെ നാമം എന്നേക്കും വാഴ്ത്തപ്പെടുമാറകട്ടെ. ●

# ബൈബിൾ പ്രശ്നാവലി (വചനധ്യാനം) നം.112-ചോദ്യം

**വിഷയം : ദീർഘക്ഷമ**

**വായനാഭാഗം** : പുറ. 34, സദൃ. 14, ഗലാ. 5, 1 പത്രൊ 2,3

I. യഹോവയായ ദൈവം തന്നെക്കുറിച്ച് തന്നെ, താൻ എങ്ങനെയുള്ളവൻ എന്നാണ് മോശെയുടെ മുമ്പാകെ കടന്നു ഘോഷിച്ചത്? (ദൈവത്തിന്റെ 5 ഗുണങ്ങൾ)

II a) മഹാബുദ്ധിമാൻ ആര്? (എങ്ങനെയുള്ളവൻ?)

b) ഭോഷത്വം ഉയർത്തുന്നത് എങ്ങനെയുള്ളവൻ?

III. "വേഗം വരുന്നു" എന്ന് 2000 വർഷം മുമ്പ് അരുളിച്ചെയ്ത കർത്താവ് വരുവാൻ താമസിക്കുന്നത് എന്തുകൊണ്ട്?

IV. നിങ്ങൾ അന്യോന്യം ക്ഷമിക്കണം. എന്തുള്ളവരായി? ഏതുപോലെ?

V. a) ദീർഘക്ഷമ ഏതിന്റെ ഫലമാണ്? (ജഡത്തിന്റെ / ആത്മാവിന്റെ)

b) ആത്മാവിന്റെ ഫലങ്ങളേവ?

VI. a) ഒരുത്തൻ ഏതു നിമിത്തം, എങ്ങനെ കഷ്ടവും ദുഃഖവും സഹിക്കുന്നതാണ് ദൈവത്തിന് പ്രസാദം?

b) നിങ്ങൾ എന്തു ചെയ്തിട്ട് കഷ്ടം സഹിക്കുന്നതാണ് ദൈവത്തിന് പ്രസാദം?

c) "അതിനായിട്ടല്ലോ നിങ്ങളെ വിളിച്ചത്." ഏതിനായിട്ട്?

VII. പാപം, വഞ്ചന, ശകാരം, ഭീഷണം എന്നിവയിൽ കർത്താവ് നമുക്ക് നൽകിയിരിക്കുന്ന മാതൃക എന്ത്?

ഓരോ ഉത്തരത്തിലും 'ദീർഘക്ഷമ' എന്ന പദം അടിവരയിട്ടിരിക്കണം

സാക്ഷ്യം : ഈ വചനധ്യാനത്തിന്റെ ഫലമായി നിങ്ങൾക്കുണ്ടായിരിക്കുന്ന ആത്മിക അനുഗ്രഹം എന്തെന്ന് അടിയിൽ എഴുതാം. മാർക്കിനുവേണ്ടിയല്ല, പ്രാർത്ഥനയ്ക്കും സ്തോത്രത്തിനും വേണ്ടി മാത്രം. ആരുടെയും സാക്ഷ്യം പേരു പറഞ്ഞ് ഒരിടത്തും വെളിപ്പെടുത്തുന്നതല്ല. ഏതൊരാൾക്കും ഉത്തരം എഴുതാം. എഴുതുന്ന ആളിന്റെ പേരും പൂർണ്ണവിലാസവും ആദ്യം എഴുതുക. മുൻ ഉത്തരങ്ങൾ മാസികയിൽ കാണുന്ന മാതൃകയിൽ ചോദ്യനമ്പർ, വേദഭാഗം അക്കത്തിലും തുടർന്ന് പൂർണ്ണവാചകത്തിലുമുള്ള ഉത്തരം. ഒത്തുവാക്യമുണ്ടെങ്കിൽ 3 എണ്ണം മാത്രം. (വാക്യനമ്പർ മാത്രം പോരാ ആശയവും) എഴുതുക. 30-7-2010 വരെ ലഭിക്കുന്ന ഉത്തരത്തിന്റെ മാർക്ക് മാസികയിൽ ചേർക്കാം. 15-8-2010 വരെ ലഭിക്കുന്ന ഉത്തരം സമ്മാനത്തിന് പരിഗണിക്കാം. തപാൽ കുഴപ്പം സർവ്വസാധാരണമായിത്തീർന്നിരിക്കുന്നു. നമുക്ക് പ്രാർത്ഥിക്കാം.

ഈ ശുശ്രൂഷകൾ മുടങ്ങിപ്പോകുമാറ് ശാരീരിക അസ്വസ്ഥതകൾ വർദ്ധിച്ചിരുന്നുമെങ്കിലും നിങ്ങളുടേയും മറ്റ് ദൈവമക്കളുടെയും ശ്രദ്ധയേറിയ പ്രാർത്ഥനയുടെ ഫലമായി പ്രതീക്ഷിച്ചതിലധികം ആരോഗ്യം ദൈവം തന്നിരിക്കുന്നു. പ്രാർത്ഥിച്ച ഏവർക്കും കർത്തൃനാമത്തിൽ നന്ദി. തുടർന്നും പ്രാർത്ഥനയിൽ ഓർക്കുമല്ലോ. വളരെ അദ്ധ്വാനഭാരമുള്ളതെങ്കിലും വചനത്തെ ആദരിക്കുന്ന ദൈവമക്കൾക്ക് അനുഗ്രഹകരമായി തീരുന്ന ഒരു ശുശ്രൂഷ കൂടെ കർത്താവ് തന്നിരിക്കുന്നു. അത് യഥാവിധി നിർവ്വഹിക്കാനായുള്ള കൃപയ്ക്കായി പ്രത്യേകം പ്രാർത്ഥിക്കണമേ. വിലാസം : ബൈബിൾ പ്രശ്നാവലി C/o T.M.M. Hospital, Vazhoor, Kottayam.

# വാർത്തകൾ, കുറിപ്പുകൾ

## പ്രാർത്ഥനയ്ക്കും സ്തോത്രത്തിനും

**പരപ്പ** : കാസർഗോഡ് ജില്ലയിൽ പരപ്പ ബ്രദറൺ അസംബ്ലിയുടെ സുവിശേഷകനും പ്രാരംഭപ്രവർത്തകനുമായ ഒ.ജെ. ബാബു ഇപ്പോൾ എറണാകുളം ജില്ലയിലെ മാമലശ്ശേരിയിലേക്ക് താമസം മാറ്റേണ്ടതായി വന്നതിനാൽ കാസർഗോഡ് ജില്ലയിൽ മൗവ്വേനി ബ്രദറൺ സഭയിൽ കൂട്ടായ്മയിലായിരുന്ന സുവി. എം.ജി. വിൽസൺ ഇപ്പോൾ പരപ്പ സഭയുടെ സുവിശേഷകനായി തുടരുന്നു. ദൈവജനം പ്രാർത്ഥനയിൽ ഓർക്കുക. വിലാസം- എം.ജി. വിൽസൺ, മുട്ടത്ത് ഹൗസ്, കോട്ടമല പി.ഒ., കാസർഗോഡ് - 671314. എന്ന് രാജൻ സി.എം., എൻ.എ. തോമസ്, റ്റി.ജെ. ജോസഫ്.

**ദുർഗ് (ഛത്തീസ്ഗഡ്) :** ഏപ്രിൽ 3,4 ന് യോഗങ്ങൾ നടത്തുവാൻ സാധിച്ചു. പുതിയതായി രക്ഷിക്കപ്പെട്ടുവന്ന ഒരു കുടുംബത്തിലെ 3 പേർ കർത്താവിനെ ജലത്തിൽ സാക്ഷിച്ചു. ദുർഗ് സെൻട്രൽ ജയിലിലും 18 വയസ്സിനു താഴെയുള്ള കുട്ടികളുടെ ജയിലിലും സുവിശേഷം അറിയിച്ചു. സഹോ. തോമസ് വി. കാപ്പ് (യു.എസ്.എ.) പ്രധാന ശുശ്രൂഷകനായിരുന്നു. മെയ് 2 ന് നടന്ന സണ്ടേസ്കൂൾ വാർഷികത്തിൽ സഹോ. സാംസൺ ഡിക്രൂസ് മുഖ്യാതിഥി ആയിരുന്നു. ഇവിടെയുള്ള പ്രവർത്തനങ്ങളെ ഓർത്ത് പ്രാർത്ഥിച്ചാലും. സഭയ്ക്കുവേണ്ടി വി.എം. മാമ്മൻ, പി.ജി. തോമസ്, കെ.വി. തങ്കച്ചൻ.

**നിലമ്പൂർ :** ഏപ്രിൽ 26-28 വരെ നടന്ന നിലമ്പൂർ സെന്റർ സുവിശേഷകൻ ബാലസംഘം ക്യാമ്പിൽ 125 കുഞ്ഞുങ്ങളും 60 ലീഡേഴ്സും പങ്കെടുത്തു. 16 കുഞ്ഞുങ്ങൾ കർത്താവിനെ രക്ഷിതാവായി സ്വീകരിച്ചു. തുടർന്നും നിങ്ങളുടെ പ്രാർത്ഥനയെ ചോദിക്കുന്നു. എന്ന് എസ്. ബി.എസ്. നിലമ്പൂർ സെന്ററിനുവേണ്ടി സെക്ര. റ്റിജുമോൻ ചാക്കോ.

**ലംതാപുട്ട് (ഒറീസ്സ) :** 3 മാസത്തെ സുവിശേഷ പ്രചാരണ വേല മാർച്ച് 27 ന് സമാപിച്ചു. 200ഓളം ഗ്രാമങ്ങളിൽ സുവിശേഷം അറിയിച്ചു. അനേക യുവാക്കളടക്കം 100ഓളം പേർ യേശുവിനെ കർത്താവും രക്ഷിതാവുമായി ഏറ്റു പറഞ്ഞിട്ടുണ്ട്. അവർ വിശ്വാസത്തിൽ നിലനിൽക്കുവാൻ പ്രാർത്ഥിച്ചാലും. കന്തമാലിൽ നിന്നുള്ള 6 പേരടക്കം 10 യുവാക്കൾക്കായി ജൂൺ - ഡിസംബർ വരെ 6 മാസത്തെ ബൈബിൾ ക്ലാസ്സ് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. തദ്ദേശീയരായ 3 പേർ രക്ഷയിലേക്ക് വന്നിട്ടുണ്ട്. അവിടെയൊരു സഭ ഉളവാകുവാൻ ദൈവജനം പ്രാർത്ഥിച്ചാലും ബൈബിൾ ട്രെയിനിംഗിന്റെ അനുഗ്രഹത്തിനായും ആവശ്യങ്ങൾ നിറവേറ്റേണ്ടതിനായും പ്രാർത്ഥിച്ചാലും. എന്ന് സോളമൻ എസ്., കെ.സി. തോമസ്.

**ദുർഗ്ഗാപ്പൂർ** : കഴിഞ്ഞ 37 വർഷമായി ദുർഗ്ഗാപ്പൂരിൽ കർത്തൃശുശ്രൂഷയിൽ തുടരുവാൻ കർത്താവ് സഹായിച്ചുകൊണ്ടിരിക്കുന്നു. ഇപ്പോൾ ഞാനും സിജി വർഗീസും റജി ചാക്കോയും ചേർന്ന് ഇവിടെയുള്ള കർത്തൃശുശ്രൂഷകൾ ചെയ്തുവരുന്നു. ഞങ്ങൾ 3 പേരും ദുർഗാപൂർ പട്ടണത്തിലുള്ള Benachity Brethren Assembly യിലും Labourhut Brethren Assemblyയിലും കർത്താവിനെ ആരാധിച്ചുകൊണ്ടിരിക്കുന്നു. ഞങ്ങൾ Benachity Brethren Assemblyയോടു ചേർന്നുള്ള കെട്ടിടത്തിലാണ് താമസിച്ചുകൊണ്ടിരിക്കുന്നത്. പരസ്യ പ്രവർത്തനങ്ങൾ മുഖാന്തരം അനേകർ കർത്താവിങ്കലേക്ക് ആദായപ്പെടുവാൻ പ്രാർത്ഥിച്ചാലും. 2010 മാർച്ച് 4-7 വരെ ഇവിടെ സുവിശേഷയോഗങ്ങൾ നടന്നു. വചന ശുശ്രൂഷയ്ക്ക് കെ. വി. തോമസ് ചെന്നൈ വന്നിരുന്നു. എന്ന് M.S. Jacob, Bible Bhavan, Subhaspalli, Benachity, Durgapur - 713213, West Bangal.

**മുണ്ടക്കയം :** കുഞ്ഞുങ്ങളുടെ ആത്മീയ അഭിവൃദ്ധി ലക്ഷ്യമാക്കി 2010 ഫെബ്രു. 27 ന് ദാനിയേൽ ചിൽഡ്രൻസ് ഹോമിന്റെ ചുമതലയിൽ മുണ്ടക്കയം ബ്രദറൺ സഭാഹാളിൽവെച്ച് കുട്ടികൾക്ക്വേണ്ടി ബാലതരംഗം 2010 എന്ന പേരിൽ ഏകദിന സമ്മേളനം നടത്തി. ഫിലിപ്പ് കെ. ആൻഡ്രൂസ് നേതൃത്വം നൽകുന്ന ഇൻസ്പിരേഷൻസ് ടീമിനുവേണ്ടി ജേക്കബ് മാത്യു, ഏബ്രഹാം ജേക്കബ്, രാജു ആമക്കാട്ട്, ബ്രൗൺ, അജേഷ്, ജിബി, അനീഷ് എന്നിവർ കുട്ടികൾക്കുവേണ്ടി വിവിധ പ്രോഗ്രാമുകൾ അവതരിപ്പിച്ചു. കുട്ടികളും ലീഡേഴ്സും ഉൾപ്പെടെ 125 പേർ സംബന്ധിച്ചു. ദൈവജനത്തിന്റെ പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിക്കുന്നു. സഹകരിക്കുവാൻ ആഗ്രഹിക്കുന്നവർ കൂട്ടായ്മകൾ ദാനിയേൽ ചിൽഡ്രൻസ് ഹോം എന്ന പേരിൽ (A/ c No. 13970100065084) മുണ്ടക്കയം ഫെഡറൽ ബാങ്കിൽ മാറത്തക്ക നിലയിൽ അയച്ചാലും. വിലാസം റ്റി.വി. മാത്യു, ദാനിയേൽ ചിൽഡ്രൻസ് ഹോം, പൈങ്ങണ, മുണ്ടക്കയം പി.ഒ., 686 513. എന്ന് കെ.എം. ബേബി, റ്റി.വി. മാത്യു.

## രോഗികൾ

**ചാത്തൻതറ. :** സഭയുടെ ആത്മീയ കാര്യങ്ങളിൽ പ്രവർത്തിക്കുന്ന കുടുംബമാണ് സഭാമൂപ്പൻ ബേബി സി. കെ.യുടെ കുടുംബം. അദ്ദേഹത്തിന്റെ ഭാര്യ ലീലാമ്മയെ (49) പെട്ടെന്നുണ്ടായ അസുഖത്തെത്തുടർന്ന് മുക്കൂട്ടുതറയിലുള്ള അസ്സീസ്സി ഹോസ്പിറ്റലിൽ 6-4-10ന് പ്രവേശിപ്പിച്ചു. പരിശോധനയിൽ ഗർഭാശയത്തിൽ വലിയ മുഴ കാണപ്പെടുകയും ആയത് 7-4-10 ൽ മേജർ ഓപ്പറേഷൻ വഴി ഗർഭാശയം നീക്കംചെയ്യുകയും ചെയ്തു. ഇപ്പോൾ ഭവനത്തിൽ വിശ്രമിക്കുന്നു. ഈ ആവശ്യത്തിനായി 35000 രൂപാ ചെലവായി. സാമ്പത്തീക ക്ലേശം അനുഭവിക്കുന്ന ഈ കുടുംബത്തിന് ഈ ചെലവ് താങ്ങാനാകുന്നതിനും അധികമാണ്. ഈ സഹോദരിയുടെ പൂർണ്ണ സുഖത്തിനായി പ്രാർത്ഥിക്കുകയും സാമ്പത്തീക കൂട്ടായ്മ ചെയ്ത് സഹായിക്കണമെന്ന് സഭയായി അപേക്ഷിച്ചുകൊള്ളുന്നു.

സഹായം അയയ്ക്കേണ്ട വിലാസം- ലീലാമ്മ, ചരുവിൽ വീട്, ചാത്തൻതറ പി.ഒ. – 686510. കേരളാ എന്ന് സുവി. കെ. ജോൺ ജോസഫ്. സി.കെ. ബേബി.

**പട്ടിക്കാട് :** സുവി. എ.കെ. വിത്സന്റെ പിതാവ് എ. എം. കുര്യാക്കോസ് (86) വാർദ്ധക്യ സഹജമായ പലവിധ അസുഖങ്ങളും ബാധിച്ച് എഴുന്നേറ്റിരിക്കാൻ പോലുമാകാതെയും മാതാവ് അന്നമ്മ (78) ക്യാൻസർ മൂലവും 2 കണ്ണിലും തിമിരം ബാധിച്ച് കാഴ്ച പൂർണ്ണമായും നഷ്ടപ്പെട്ടും പ്രമേഹരോഗത്താലും വളരെ ക്ഷീണിതയായും ഭവനത്തിൽ ആയിരിക്കുന്നു. മാതാവിന് എത്രയും വേഗം ഒരു ഓപ്പറേഷൻ ആവശ്യമാണ്. ഈ പ്രിയപ്പെട്ടവരുടെ പൂർണ്ണ സൗഖ്യത്തിനായി ദൈവജനം പ്രാർത്ഥിക്കണമേ. A.K. Wilson (Evg.), Alukkal House, Poovanchira P.O., Vadakkemoola Road, Pattikkad - 680 652. Mob : 9947863209 എന്ന് എ.കെ. വിത്സൻ.

## കൺവൻഷൻ / ക്യാമ്പ്

**തൊടുപുഴ :** തൊടുപുഴ ബ്രദറൺസഭയുടെ ചുമതലയിലും കൂട്ടു സഹോദരന്മാരുടെയും വേർപെട്ട ദൈവജനത്തിന്റെയും സഹകരണത്തിലും 2010 ഡിസം. 16–18 വരെ തൊടുപുഴ മുനിസിപ്പൽ സ്റ്റേഡിയത്തിൽവെച്ച് സുവിശേഷ പ്രഭാഷണങ്ങളും ഗാന ശുശ്രൂഷയും നടത്തുവാൻ ആഗ്രഹിക്കുന്നു. ആർ. കൃഷ്ണൻകുട്ടി, ജോൺ കുര്യൻ, സണ്ണിതോമസ് എന്നിവർ വചന പ്രഭാഷണം നടത്തുന്നതാണ്. ഈ ശുശ്രൂഷയുടെ അനുഗ്രഹത്തിനായി ദൈവജനം പ്രാർത്ഥിക്കുക. എന്ന് കെ.ഒ. ജോസ്. ഫോൺ : 9495353702.

**തിരുവല്ല :** യുവജനങ്ങളുടെ ആത്മീയ ഉണർവ്വ് ലക്ഷ്യമാക്കി നടത്തിവരുന്ന യൂത്ത് റിവൈവൽ സമ്മേളനം 2010 ജൂലൈ 10 ന് രാവിലെ 9 – 3.30 വരെ ബിലീവേഴ്സ് ചർച്ച് യൂത്ത് സെന്റർ ഓഡിറ്റോറിയത്തിൽ (തിരുവല്ലാ കെ.എസ്.ആർ.ടി.സി.ക്ക് എതിർവശം) നടത്തപ്പെടുന്നു. ജോയി ജോൺ, ശാമുവേൽ വി. തോമസ് തുടങ്ങിയവർ മുഖ്യ അതിഥികളായിരിക്കും. ബയോസിയസ് മ്യൂസിക് ബാന്റ് സംഗീത ശുശ്രൂഷയ്ക്ക് നേതൃത്വം നൽകുന്നു. യുവജനങ്ങളിൽ ആത്മീയ മൂല്യം നൽകി സുവിശേഷത്തിന്റെ വക്താക്കളാക്കുക എന്ന ലക്ഷ്യത്തോടെയുള്ള ഈ സമ്മേളനം തിരുവല്ലാ മെഡിക്കൽ മിഷൻ ചാപ്പലിന്റെ സഹകരണത്തിൽ യൂത്ത് റിവൈവൽ ആണ് സംഘടിപ്പിച്ചിരിക്കുന്നത്. പ്രവേശനം സൗജന്യം. കൂടുതൽ വിവരങ്ങൾക്ക് ജിബി പള്ളിപ്പാട് 9847999062 എന്ന് ചാൾസ് വർഗീസ്, ജിബി പള്ളിപ്പാട്.

## സുവിശേഷ വയലിലേക്ക്

**ഗോത്തുരുത്ത് :** ഈ സ്ഥലം സഭയിലെ സഹോ. ജേക്കബ് ജോസ് (ഫ്ളൂറ്റോ) തന്റെ ജോലി ഉപേക്ഷിച്ച് ആത്മഭാരത്തോടെ സഭയോടു ചേർന്ന് സുവിശേഷ വേല ചെയ്തുവരുന്നു. രക്ഷിക്കപ്പെട്ട നാൾ മുതൽ ജോലിയിലായിരുന്നപ്പോഴും സുവിശേഷ പ്രവർത്തനത്തിലേർപ്പെടുകയും കുമ്പനാട് ബഥനി ബൈബിൾ സ്കൂളിൽ ദൈവവചനപഠനം പൂർത്തിയാക്കുകയും ചെയ്തു. ബൈബിൾ സ്കൂളിൽ പഠിച്ചുകൊണ്ടിരിക്കെയാണ് കർത്താവ് തന്നെ തന്റെ മഹത്വമുള്ള വേലയ്ക്കായി വിളിച്ചത്. തന്റെ ദൈവവിളി സഭയ്ക്ക് ബോധ്യമായ വിവരം സഭകളെ അറിയിച്ചു കൊള്ളുന്നു. സഹോദരനെയും കുടുംബത്തെയും ശുശ്രൂഷകളെയും പ്രാർത്ഥനയിൽ ഓർക്കണമേ. സഹോദരന് ഭാര്യയും 2 മക്കളുമുണ്ട്. വിലാസം ജേക്കബ് ജോസ് വി. എഫ്., വടക്കേവീട്ടിൽ ഹൗസ്, ഗോത്തുരുത്ത് പി.ഒ. കുരുമ്പത്തുരുത്ത് – 683523, ഫോൺ : 9747412783 എന്ന് സഭയ്ക്കുവേണ്ടി ബിനു (ഇവാ), ആന്റണി എ.ജെ.

**ദീമാപ്പൂർ :** മംഗലത്ത് കോണം ബ്രദറൺ അസംബ്ലിയിൽ കൂട്ടായ്മയിലായിരുന്ന രതീഷ് കർത്താവിന്റെ വേലയ്ക്കായി വേർതിരിയുകയും തുടർന്ന് കുമ്പനാട് ബഥനി ബൈബിൾ സ്കൂളിൽ ദൈവവചനം പഠിക്കുവാനും അതിനുശേഷം 3 വർഷത്തോളം നാഗാലാന്റിൽ കർത്താവിന്റെ വേലയിലും ആയിരുന്നു. കർത്താവിന്റെ ശുശ്രൂഷയ്ക്കായി കൂടുതൽ വചന നിശ്ചയം ഉണ്ടാകണം എന്ന ആത്മപ്രേരണയാൽ 2007 മുതൽ 3 വർഷങ്ങൾ മദ്രാസ് സറ്റുവേർഡ് ബൈബിൾ കോളേജിൽ വചനം അഭ്യസിച്ചു. തനിക്ക് നോർത്ത് ഈസ്റ്റ് ഇന്ത്യയിൽ കർത്താവിന്റെ വേല ചെയ്യുന്നതിന് വിളിയുണ്ടായതിനാൽ നാഗാലാന്റിൽ ദിമാപ്പൂരിൽ കടന്നുവന്ന് ശുശ്രൂഷയിൽ ആയിരിക്കുന്നുവെന്ന് ദൈവജനത്തിന്റെ പ്രാർത്ഥനയ്ക്കും സഹകരണത്തിനുമായി സഭയായി അറിയിക്കുന്നു. എന്ന് പോൾ കെ. മാത്യു, എസ്. ബിജു, ഇ.എം. ജോസഫ്, ഒ. ജോർജ്ജുകുട്ടി. വിലാസം എസ്. രതീഷ്, പി.ഒ. ബോക്സ് 387, ദിമാപ്പൂർ ടൗൺ പി.ഒ., നാഗാലാന്റ് – 797112.

**Mavelikara:** We are happy to commend Bro. Sunish Balan, Vallyayyathu Thekkathil, Kunnam P.O., Mavelikara, Alappuzha Dist, Kerala- 690 108 as a full time Evangelist of Mavelikara Brethren Assembly. He became a member of Mavelikara Assembly from Hindu background and we are convinced of his call and commitment for the full time ministry. He is now working at Kappil in association with Kappil Brethren Assembly which is a new assembly established in 2009. He had his biblical training from Gospel Training Centre (Perumbavoor), Brethren Bible Institute (Pathanamthitta) and Asian Christian Academy (Hosur). He is now in happy fellowship with the saints in Kappil. We are happy to testify that he is being actively engaged in the growth of the Assembly activities in that place. He is gifted for child evangelism ministry. He is widely used by the Brethren Assemblies in Kerala for the VBS, SBS and children's club ministries. We have great pleasure to recommend him to your Assembly/Institution (P.D. Pappy, Ninan K. Easow)

## അഭ്യർത്ഥന

**കുളമാവ് :** സുവി. ജോൺസൺ സി.എസിന് വാസ യോഗ്യമായ ഒരു വീടില്ലാത്തതിനാൽ താൻ വളരെ ഭാരപ്പെടുന്നു. ഹൈന്ദവ പശ്ചാത്തലത്തിൽ നിന്ന് വേർപെട്ടു താൻ കുളമാവ് സഭയിലെ ശുശ്രൂഷകളിലും കുളമാവിന്റെ പരിസരപ്രദേശങ്ങളിലും ആദിവാസി മേഖലകളിലും സുവിശേഷത്തിന്റെ അഭിവൃദ്ധിക്കായി പ്രവർത്തനങ്ങൾ നടത്തിവരുന്നു. തനിക്ക് അത്യാവശ്യമായി ഒരു ഭവനം ഉണ്ടാകേണ്ടിയിരിക്കുന്നു. ഏകദേശം 1 ലക്ഷം രൂപ ആവശ്യമാണ്. ഈ കാര്യം വേഗത്തിൽ നിർവ്വഹിക്കപ്പെടുവാൻ സഭയും വ്യക്തികളും പ്രത്യേകം പ്രാർത്ഥിക്കുകയും സാമ്പത്തീക സഹകരണം നൽകുകയും ചെയ്യണമേ. ഈ ആവശ്യത്തിനുള്ള സഹായം The Bethel Brethren Assembly, C/o C.S. Johnson Evg., Chamapparayil House, Kulamavu P.O., Idukki - 685601 എന്ന വിലാസത്തിൽ അയയ്ക്കേണമേ. C.S. Johnson ന്റെ അക്കൗണ്ട് നമ്പർ 67058093355 SBT Moolamattom Branch. കുളമാവ് ബ്രദറൺ സഭയ്ക്കുവേണ്ടി ദേവസ്യ, ജോസ് പി. റ്റി., ജോൺസൺ സി.എസ്. (സുവി.)ശേഷകൻ ജോൺസൺ സി.എസി.ന്റെ ഈ ആവശ്യം നിർവ്വഹിക്കപ്പെടുവാൻ ദൈവജനം പ്രാർത്ഥനയോടെ സഹകരിക്കണമേ. എന്ന് വി.എം. പോൾ(ഇവാ.), രാജകുമാരി.

**ഇരവിപേരൂർ :** മിഷനറി നോയലിന്റെ പ്രവർത്തനത്താൽ 1920 ൽ ഇരവിപേരൂരിനടുത്തുള്ള മോഡിയിൽ (പുലയക്കുന്ന്) പണിത സഭാഹാൾ കാലപ്പഴക്കംകൊണ്ട് ജീർണ്ണിച്ച അവസ്ഥയിലാണ്. ഇപ്പോൾ 10 കുടുംബങ്ങൾ ഈ സഭയിൽ കൂടിവരുന്നുവെങ്കിലും എല്ലാവരും സാമ്പത്തീകമായി ബുദ്ധിമുട്ട് അനുഭവിക്കുന്നവരാണ് എങ്കിലും ഈ ആവശ്യത്തിലേക്ക് സഭാംഗങ്ങൾ 10,000 രൂപ സമാഹരിച്ചിട്ടുണ്ട്. ഒരു പുതിയ ഹാളിനു വേണ്ടി 32x16 വലിപ്പത്തിൽ തറക്കല്ല് 10–5–2010 ൽ സ്റ്റീവാർഡ് അസ്സോസ്സിയേഷൻ കേരളാ ഡിവിഷൻ സെക്രട്ടറി ഇട്ടിട്ടുള്ളതാകുന്നു. ഏകദേശം 3 ലക്ഷം രൂപാ ഈ ഹാളിന്റെ പണിക്കുവേണ്ടിവരും. ആയതിനാൽ ദൈവമക്കളുടെ പ്രാർത്ഥനാപൂർവ്വമായ സാമ്പത്തീക സഹകരണം അഭ്യർത്ഥിക്കുന്നു. ഈ ആവശ്യത്തിനുവേണ്ടി പ്രൊഫ. ജേക്കബ് തോമസ്, അലക്സാണ്ടർ ജോൺ (സുവി.) എന്നിവരുടെ ജോയിന്റ് അക്കൗണ്ടിൽ തിരുവല്ലാ ഈസ്റ്റ് കോ–ഓപ്പറേറ്റീവ് ബാങ്ക് കുമ്പനാട് ബ്രാഞ്ച് 3101 ൽ മാറത്തക്കവണ്ണം പ്രൊഫ. ജേക്കബ് തോമസ്, മാനേജർ എൻ. എം. സ്കൂൾ കുമ്പനാട് – 689547 എന്ന വിലാസത്തിൽ അയയ്ക്കുവാൻ താല്പര്യപ്പെടുന്നു. വിദേശ ഡിഡി/ചെക്കുകൾ സറ്റുവാർഡ്സ് അസ്സോസ്സിയേഷൻ ഇൻ ഇന്ത്യയുടെ പേരിൽ എഴുതി അയയ്ക്കണം. എന്ന് സഭയക്കുവേണ്ടി, സുവി. അലക്സാണ്ടർ ജോൺ, പി.ജെ. തോമസ്, എം. കെ. കുഞ്ഞുമോൻ. മുകളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ സത്യമാണ്. സെക്രട്ടറി എസ്.എ.ഐ. കേരളാ ഡിവിഷൻ

## വിവിധ വിഷയങ്ങൾ

**നെല്ലിക്കുന്ന് :** രെഹോബോത്ത് തിയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ 3–ാമത്തെ ബാച്ചിന്റെ ഗ്രാഡുവേഷൻ 21–3–10 ന് നടന്നു. ഇന്ത്യയുടെ വിവിധ ഭാഗത്തു നിന്നുമുള്ള 54 വിദ്യാർത്ഥികൾ ഈ വർഷം ഗ്രാഡുവേറ്റ് ചെയ്തു. Dr.Ian Payne (Principal S.A.I.A.C.S.) മുഖ്യാതിഥിയായിരുന്ന ഈ യോഗത്തിൽ തദ്ദേശീയരും വിദേശീയരുമായ അനേകം ദൈവമക്കൾ സാക്ഷ്യം വഹിച്ചു. ഗ്രാഡുവേറ്റ് ചെയ്ത സഹോദരീ സഹോദരന്മാരെ പ്രാർത്ഥനയിൽ ഓർക്കേണമേ. വീണ്ടും ജനനം പ്രാപിച്ചും B. Th/Secular Degree ഏതെങ്കിലുമുള്ള യുവതീ യുവാക്കൾക്ക് M. Div.ന് അപേക്ഷിക്കാവുന്നതാണ്. +2 വോതത്തുല്യ യോഗ്യതയോ ഉള്ളവരായ യുവതീ യുവാക്കൾക്ക് ത്രിവത്സര B. Th (ഇംഗ്ലീഷ്) കോഴ്സിന് അപേക്ഷിക്കാം. അപേക്ഷാ ഫോറത്തിനും മറ്റു വിവരത്തിനും എഴുതേണ്ട വിലാസം രജിസ്ട്രാർ രെഹോബോത്ത് തിയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, നെല്ലിക്കുന്ന്, തൃശൂർ – 680005, ഫോൺ 0487 – 6535833.

### Bsc Nursing Admission 2010-11 at TMM College of Nursing:

Brethren Candidates (females only) considering to secure a seat in TMM College of Nursing may please pay attention to the following instructions carefully.

1. Prospectus and application forms will be available at TMM College or any other members college of the Association on presenting a D.D of Rs.500/- made out in the name of AMSFNCK and payable at Emakulam.

2.There is no entrance examination However all applications will be centrally processed by the Association and merit list prepared by them. Only those candidates found in the Association's merit list will be eligible for admission in any member college.

3. TMM college will have the privilege of admitting up to 32 Brethren candidates based on their merit from among all the Brethren candidates plus any who applies as NRI. (NRI candidate must directly apply to TMM College and not to AMSFNCK.)

4. TMM will have no control over the processing of applications. So Brethren candidates must make sure that they write very clearly 'BRETHREN' in the space given for community/church in the application form. Then only such candidates will be considered on inter-se merit from the Brethren For filling the Community/Churh columu,ifyou have changed your community / Church any time you need not stick to what is mentioned in the SSLC certificate. Your present status is what is required to be filled. Brethren candidates after sending the original

application to the Association office MUST produce to TMM a copy of your application and plus two mark list and a letter from your local Assembly stating that you are born again, baptized and in fellowship with that Assembly. Such a letter must be signed and stamped by at least two elders of the Assembly. 5. Seat allotment will be carried out 'on line' by the Association office. So you must watch the web site of the AMSFNCK after you have submitted your application to them. Once your seat is allotted you with your parents must come to TMM College of nursing and present the original certificates along with a DD for the full amount of fees for one year as mentioned in the prospectus (TMM's page). This DD also must be made out to AMSFNCK payable at Emakulam. If such a DD is not submitted on time the Association office will cancel your seat allotment, and TMM will be helpless in such a situation. The hostel fee and special fee mentioned in the prospectus must be paid to TMM college directly. John V. Abraham, Secretary 9447106493.

## കെ.ഇ.എം. ഫണ്ടിന് പുതിയ ഭാരവാഹികൾ

കെ.ഇ.എം. ഫണ്ടിന്റെ 7-ാമത്തെ സെക്രട്ടറിയായി കഴിഞ്ഞ 22 വർഷങ്ങൾ നിസ്തുലവും കാര്യക്ഷമവുമായ സേവനം കാഴ്ചവെച്ച പ്രിയ സഹോ. പോൾ തോമസ് 14-4-2010 ൽ വെല്ലൂർ സി.എം.സി. ഹോസ്പിറ്റലിൽവച്ച് നിത്യസ്വസ്ഥതയിൽ പ്രവേശിച്ച വിവരം ഇതിനോടകം എല്ലാവരും അറിഞ്ഞിരിക്കുമല്ലോ. താൻ ഒടുവിലായി കമ്മറ്റിയിൽ പങ്കെടുത്തത് 2010 ജനു. 30 നായിരുന്നു. ഫണ്ടിന്റെ അതി നിർണ്ണായകമായ സമയത്താണ് അദ്ദേഹം കടന്നു പോയത്. കമ്മറ്റിയുടെ അടിയന്തിര യോഗം മെയ് 2 ന് ഞായറാഴ്ച 3 പി.എം ന് കുമ്പനാട് ബഥനി ബൈബിൾ സ്കൂളിൽ സഹോ. വി.കെ. മാത്യുവിന്റെ അദ്ധ്യക്ഷതയിൽ കൂടി. നിലവിലുള്ള ജോ. സെക്രട്ടറി സഹോ. തോമസ് ചാണ്ടിയെ (കോട്ടയം) സെക്രട്ടറിയായും സഹോദരന്മാരായ പി.ഇ. സാംകുട്ടി (കുമ്പനാട്), മത്തായി വർഗീസ് (തിരുവനന്തപുരം) ജോയിന്റ് സെക്രട്ടറിമാരായും ഏകാഭിപ്രായത്തിൽ ചുമതലപ്പെടുത്തിയ വിവരം അറിയിച്ചുകൊള്ളുന്നു. ഈ ശുശ്രൂഷയ്ക്ക് എല്ലാ സഭകളുടെയും ദൈവമക്കളുടെയും സഹകരണവും പ്രാർത്ഥനയും തുടർന്നും അഭ്യർത്ഥിക്കുന്നു. എഴുത്തുകുത്തുകൾക്കും സംഭാവന അയയ്ക്കേണ്ടതിനുമുള്ള വിലാസം താഴെച്ചേർക്കുന്നു. (ബാങ്ക് അക്കൗണ്ട് നമ്പരുകൾക്ക് വ്യത്യാസമില്ല.) Thomas Chandy, Pamanapanthiru - Parayil, S.H. Mount Kottayam - 686006. Ph: 0481 - 2311473. Bank : Indian Overseas Bank Kottayam - 1. General A/c No. 10202, Foreign Contribution A/c No. 10324 കമ്മറ്റിക്കുവേണ്ടി റ്റി.എം. ദാനിയേൽ, കെ.വി. കോശി, വി.കെ. മാത്യു.


RN.No. 36067/ 81
Postal Reg. No. KL/TLA/44/2009-11 dt.14-11-08

ആത്മപ്രകാശിനി

If undelivered Please return to:
Athma Prakashini
P.B.No.10
Kumbanad
Thiruvalla 689 547

Printed and Published by
C.A.George
at Excel Offset Printers, Omallor


## "How Good is the God We Adore"

1) നാം ആരാധിക്കും ദൈവം
എത്ര ശ്രേഷ്ഠമഹോന്നതനാം
വിശ്വസിക്കാൻ യോഗ്യനായോൻ
മാറ്റമില്ലാത്ത സ്നേഹിതൻ - താൻ

2) നാം ആരാധിക്കും ദൈവം
തൻ സ്നേഹമതുല്യമഹോ
അതിനാഴമവസാനങ്ങൾ
അളന്നീടുവാനാവതല്ലേ-

3) നാം ആരാധിക്കും ദൈവം
അവനൽഫ - ഒമേഗയുമേ
കൈവിടില്ല - ഉപേക്ഷിക്കില്ല
അന്ത്യത്തോളവും കൂടിരിക്കും

4) നാം ആരാധിക്കും ദൈവം
എത്ര ശ്രേഷ്ഠനാമിടയനവൻ
തന്റെയാത്മാവാൽ - നടത്തി നമ്മെ
നിത്യത തന്നിൽ എത്തിക്കുമേ

5) നാം ആരാധിക്കും ദൈവം
പോയപോലവൻ വീണ്ടും വരും
തന്റെ വരവിനായി കാത്തിരിക്കാം
നമുക്കിനിയുള്ള കാലമെല്ലാം

by Marykutty Mathew, Melbourn, Australia

### ദയവായി ശ്രദ്ധിച്ചാലും

ആത്മപ്രകാശിനിയുടെ വരിസംഖ്യ കുടിശ്ശികയുള്ള വരിക്കാർ ദയവായി കുടിശ്ശിക പ്രതിവർഷം Rs. 50 വീതം മണി ഓർഡർ/ ചെക്ക് / ഡി.ഡി. ആയി അയച്ചു തന്ന് സഹകരിച്ചാലും. ചെറിയ തുകയ്ക്കുള്ള ചെക്ക് അയയ്ക്കാതിരിക്കണമേ. (മാനേജർ)